# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. APRIL 2023. ₹ 5.00

VOL.5 - ISSUE NO. 12 - DATE OF PUBLICATION 25TH APRIL, 2023 - REGN. NO. KERBIL/2005/23143


# സംസ്ഥാന സർക്കാരിന്റെ വ്യവസായ നയം, കേരളം വൻ വ്യവസായ കുതിപ്പിലേക്ക്...



# We are ready, are you?

KSIDC is invested in Kerala's industrial development not only as a facilitator but also as a creator of infrastructure, enabling the investor get down to business, hassle-free.

- **Industrial Growth Centre, Alappuzha**
- **Industrial Growth Centre, Kozhikode**
- **Industrial Growth Centre, Kannur**

## THEME SPECIFIC PARKS

- **Life Sciences Park, Thiruvananthapuram**
- **Medical Devices Park, Thiruvananthapuram**
- **Mega Food Park, Alappuzha**
- **Coconut Industrial Park, Kozhikode**
- **Light Engineering and Industrial Park, Palakkad**
- **KSIDC Industrial Space, Kasaragod**




**Kerala State Industrial Development Corporation Ltd.**
**Head Office:** T.C. XI/266, Keston Road, Kowdiar, **Thiruvananthapuram**-695 003
**Regional Office:** 2nd Floor, Choice Towers, Manorama Junction, **Kochi**-682016
**Kozhikode:** 1st Floor, BSNL GM Office, Annex Building, Balan K Nair Road, Asokapuram-673001

Write to us at: bd@ksidcmail.org, enquiry@ksidcmail.org
Call us on 0471-2318922/0484-2323010

kswift.kerala.gov.in ▪ www.ksidc.org

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. Ph : 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS FOR THE YEAR 2022-2024**

**STATE PRESIDENT**
A. Nizarudeen
Naz Wood Industries, T.K.M.C.P.O.,
Karicode, Kollam - 05. Mob: 94477 10078
Email: nazwoodind@gmail.com

**GENERAL SECRETARY**
P.J. Jose
Pallipadan Enterprises, Marottichuvadu, Edapally,
Cochin - 682 024. Mobile: 98460 53553
Email: info@manoramasalescorporation.com

**STATE VICE PRESIDENTS**

**SOUTH ZONE**
A. Fasiludeen
Travancore New Tech Interlock Bricks,
Pulimath, Karette, Trivandrum - 695 612.
Mob: 94007 04000, Email: fthoppil@yahoo.com

**CENTRAL ZONE**
Abraham Kuriakose
Perfect Crumbs,
Amayannoor P.O., Kottayam - 686 019.
Mob: 94470 43445, Email: perfectcorp@yahoo.com

**NORTH ZONE**
A.V. Sunilnath
Ferrero Vinyil Technologies (Pvt) Ltd, 7/342,
Kolathra P.O., Kozhikode - 673 655.
Mob: 93497 44145,
Email: sunilnath@walkaroogroup.com

**STATE TREASURER**
Joseph Paikada
Indo-Malabar Foods (P) Ltd, N.H. Road, Kanhirangad,
Taliparamba, Kannur - 670 142.
Mob: 94972 24422, Email: josephpaikada@gmail.com

**STATE JOINT SECRETARIES**
V.K. Harilal **(South Zone)**
Venice Coir Company, I D Plot, Vadackal P.O.,
Alappuzha - 688 003. Mob: 98472 30058

B. Jayakrishnan **(Central Zone)**
Toyo Rubbers, Kumaramangalam P.O., Thodupuzha.
Mob: 94473 30569

George Mundakkal **(North Zone)**
Paulson Fertilizers, Kalluvayal, Sulthan Bathery P.O.,
Wayanad. Mob: 94472 95110

**EDITORIAL BOARD**
**Chief Editor**
S. Salim
Mobile: 93873 05751
Email: md@unicornplywoods.com

**MEMBERS**

| | |
|---|---|
| A. Nizarudeen | Mob: 94477 10078 |
| P. J. Jose | Mob: 98460 53553 |
| Rajesh. G | Mob: 98957 03837 |
| Thomas Mathew | Mob: 94470 46411 |

**PRINTER & PUBLISHER**
K.P. Ramachandran Nair
Mobile: 94470 17899

---

**PRINTING, COVER DESIGN & LAYOUT**
Rajsree Industrial Printer, Edayar.

KSSIA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of **THE KERALA STATE SMALL INDUSTRIES ASSOCIATION** **APRIL 2023** ₹ 5.00

## എഡിറ്റോറിയൽ

# പ്രോവിഡന്റ് ഫണ്ടും ഇതര സംസ്ഥാന തൊഴിലാളികളും



ആരോഗ്യ കാലത്ത് ജോലി ചെയ്ത് പ്രായത്തിന്റെ ശക്തി ക്ഷയത്തോടെ വിരമിക്കുന്ന തൊഴിലാളികൾക്കുള്ള ഏക ആശ്വാസം പ്രോവിഡന്റ് ഫണ്ട് മാത്രമാണ്. വാർദ്ധക്യത്തിന്റെ അത്താണിയായി മാറുന്ന, മനുഷ്യത്വ പൂർണ്ണമായ ഈ സ്കീം എന്നെന്നും നില നിൽക്കേണ്ടത് തൊഴിലാളികളുടെ ഏറ്റവും വലിയ ആവശ്യമാണ്.

എന്നാൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന ഈ അതിഥി തൊഴിലാളികൾ പൊതുവെ പ്രോവിഡന്റ് ഫണ്ടിന്റെ വിഹിതം നൽകുന്നതിനോ, അതിൽ അംഗമാകുന്നതിനോ വിമുഖരാണ് അവർ കൂട്ടത്തോടെ വരികയും പോവുകയും ചെയ്യും, സ്ഥിരമായി നിൽക്കാറില്ല. പി.എഫ്. അടയ്ക്കുന്നത് നിർബന്ധമാണ് എന്ന്, നാം ശഠിച്ചാൽ അവർ ജോലി ഉപേക്ഷിക്കും. ഇതിനാൽ തൊഴിലാളികളുടെ വിഹിതവും കൂടി ചേർത്ത് ഞങ്ങൾ ചെറുകിട വ്യവസായികൾ അടയ്ക്കേണ്ടി വരുന്നു.

സൂക്ഷ്മ ചെറുകിട വ്യവസായ യൂണിറ്റുകൾ, വേതനത്തിന്റെ 30 ശതമാനത്തോളം പി.എഫ്., ഇ.എസ്.ഐ, ക്ഷേമനിധി എന്നിവയിലേക്ക് അടയ്ക്കേണ്ടി വരുന്നു.

ഞങ്ങൾക്ക് കേന്ദ്ര സർക്കാരിനോടും പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷനോടും അഭ്യർത്ഥിക്കാനുള്ളത് ഞങ്ങൾ അടയ്ക്കുന്ന തുക തൊഴിലാളി പിരിഞ്ഞു പോയി ഒരു നിശ്ചിത കാലാവധിയ്ക്ക് ശേഷവും അവർ വാങ്ങിയില്ലെങ്കിൽ ആ തുക അടച്ച യൂണിറ്റുകൾക്ക് തന്നെ തിരികെ നൽകിയാൽ മൈക്രോ ചെറുകിട യൂണിറ്റുകൾക്ക് ഒരു സഹായമാകും.

പ്രതീക്ഷയോടെ...

**എസ്. സലിം**
ചീഫ് എഡിറ്റർ

03 പ്രോവിഡന്റ് ഫണ്ടും ഇതര സംസ്ഥാന തൊഴിലാളികളും
05 സംസ്ഥാന സർക്കാരിന്റെ വ്യവസായ നയം
07 ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് യാഥാർത്ഥ്യമാകുന്നത് എപ്പോൾ?
08 വ്യവസായം കുതിക്കും...
10 കേരളത്തിന് വ്യവസായ കുതിപ്പേകാൻ സംരംഭക വർഷം 2.0
12 വനിത സംരംഭം – നിരവധി സർക്കാർ സഹായ പദ്ധതികൾ
14 പുതിയ സാമ്പത്തിക വർഷത്തിൽ ജി.എസ്.റ്റി.യിൽ ബിസിനസ്സുക്കാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
16 പശ്ചിമ ബംഗാൾ സർക്കാരിന്റെ ലാന്റ് അലോട്ട്മെന്റ് പോളിസി കേരള സംസ്ഥാനവും മാതൃകയാക്കണം
18 ആരോഗ്യ ഇൻഷൂറൻസും ആയുർവേദ ചികിത്സയും

Fcom™

FASHION COMFORT

FCOMS SHOE INTERNATIONAL PRIVATE LIMITED

19/265 B, KODAMPUZHA, FEROKE COLLEGE (PO), CALICUT - 32, Ph: +91 9605811700, E - Mail: fcomshoe@gmail.com

R

ROYAL RUBBERS

Mfrs of Pu Footwares

11/67 Beypore Road, Naduvattam
Calicut-673015, Kerala, India
Email: royalrubbers2013@gmail.com
Ph No. : 9349118735

## പ്രസിഡൻഷ്യൽ റിപ്പോർട്ട്



# സംസ്ഥാന സർക്കാരിന്റെ വ്യവസായ നയം



വ്യവസായ വകുപ്പിന്റെ കീഴിലുള്ള 40 ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് നോട്ടിഫൈഡ് ഇൻഡസ്ട്രീയൽ എസ്റ്റേറ്റായി ഉത്തരവിറക്കിയതിന് കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ സ്വാഗതം ചെയ്യുന്നു.

സംസ്ഥാന സർക്കാരിന്റെ 2023-24 വർഷത്തെ വ്യവസായ നയം പ്രഖ്യാപിച്ചിരിക്കുകയാണ്. സംസ്ഥാനത്തിന്റെ വികസനം ലക്ഷ്യം വെച്ചു കൊണ്ട് ദീർഘ വീക്ഷണത്തോടു കൂടിയുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടാണ് നയം വ്യക്തമാക്കുന്നത്. ഇത്തവണത്തെ വ്യവസായം നയം മുൻ സർക്കാരുകളെ അപേക്ഷിച്ച് വ്യത്യസ്തവും വൻ പ്രാധാന്യവും നല്കി കൊണ്ടുള്ളതുമാണ്. സംസ്ഥാനത്ത് നിക്ഷേപം കൊണ്ട് വരുന്നതിനും ഈ മേഖലയിലേക്ക് സംരംഭകരെ ആകർഷിക്കുന്നതിനും നിരവധി ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അനുയോജ്യമായ 22 മേഖലകളെ പ്രത്യേക വിഭാഗമായി പരിഗണിച്ചു ഇവയ്ക്ക് 19 ആനുകൂല്യങ്ങളും പ്രഖ്യാപിച്ചുകൊണ്ടുള്ളതാണ് നയം.

എം.എസ്.എം. ഇ. കൾക്ക് 4 ശതമാനം പലിശയ്ക്ക് 10 ലക്ഷം രൂപ വരെ വായ്പ, സൂക്ഷ്മ സംരംഭങ്ങൾക്ക് 45 ശതമാനം മൂലധന സബ്സിഡി, പരമാവധി 40 ലക്ഷം രൂപ, ചെറുകിട സംരംഭങ്ങൾക്ക് 45 ശതമാനം സബ്സിഡി പരമാവധി ഒരു കോടി രൂപ, ഇടത്തരം വ്യവസായങ്ങൾക്ക് 45 ശതമാനം സബ്സിഡി പരമാവധി 2 കോടി, പുതിയ ചെറുകിട സംരംഭങ്ങൾക്ക് 5 വർഷത്തേക്ക് വൈദ്യുതി ഡ്യൂട്ടി പൂർണ്ണമായും ഒഴിവാക്കൽ, സ്വകാര്യ വ്യവസായ പാർക്കുകൾ ഉൾപ്പടെയുള്ള സംരംഭകർ ഭൂമി വിലക്കോ, ലീസിനോ വാങ്ങിക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയും റജിസ്ട്രേഷൻ ഫീസും പൂർണ്ണമായും ഒഴിവാക്കൽ, സ്വകാര്യ പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 3 കോടി വരെ സബ്സിഡി, സ്വദേശ/ വിദേശ എക്സിബിഷനുകളിൽ പങ്കെടുക്കുന്ന സംരംഭകരുടെ സ്റ്റാൾ വാടക പൂർണ്ണമായും തിരിച്ചു നല്കൽ തുടങ്ങിയ ഒട്ടേറെ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചത് എം.എസ്.എം.ഇ. മേഖലയുടെ വളർച്ചയ്ക്കു വളരെ സഹായകരവും സ്വാഗതാർഹവുമാണ്.

അതേ സമയം ചരക്ക് സേവന നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കുന്ന വിഹിതം മുടക്ക് മുതലിന് തുല്യമായ തുക 5 വർഷത്തേക്ക് പൂർണ്ണമായും തിരിച്ചു നല്കും. 50 ൽ കൂടുതൽ തൊഴിൽ സൗകര്യങ്ങൾ നല്കുന്ന സ്ഥാപന ങ്ങൾക്ക് കൂടുതലായി വരുന്ന ഓരോ തൊഴിലാ ളിക്കും 25 ശതമാനമോ 5000 രൂപ യോ പ്രതിമാസ ശമ്പളമായി സർക്കാർ നല്കും. ഉല്പാദന മേഖലയ്ക്കും ലോജി സ്റ്റിക്ക് പാർക്കിനും ലാന്റ് പരിവർത്തനത്തിനു വേണ്ടി വരുന്ന ചെലവിന്റെ 50 ശതമാനം തിരിച്ചു നല്കും തുടങ്ങിയ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചത് എം.എസ്.എം.ഇ. കളെ ഒഴിവാക്കി വൻകിട മെഗാ വ്യവസായങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുകയാണ്. ഈ ആനുകൂല്യങ്ങൾ എം.എസ്. എം.ഇ. മേഖലയ്ക്കും കൂടി ബാധകമാക്കണമെന്നാണ് കെ.എസ്. എസ്.ഐ.എ. യുടെ അഭ്യർത്ഥന.

പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തോടൊപ്പം നില വിലുള്ള വ്യവസായങ്ങളുടെ പ്രശ്നങ്ങളും പരിഹരിക്കേണ്ടതുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ പഴക്കം ചെന്നതും പരിഹരിക്കപ്പെടാത്തതുമായ ഒരു വിഷയമാണ് വ്യവസായ എസ്റ്റേറ്റിലെ ലാന്റ് അലോട്ട്മെന്റ് പോളിസി. 1969 ലെ ഹയർ പർച്ചേസ് വ്യവസ്ഥ പ്രകാരം ഭൂമി അനുവദിച്ച് വ്യവസായം നടത്തുന്ന സംരംഭകർ ഭൂമിയുടെ വില മുഴുവനും അടച്ച് കഴിഞ്ഞാൽ ഭൂമിയുടെ ഉടമസ്ഥവകാശം സംരംഭകന് നല്കണമെന്നാണ് വ്യവസ്ഥ. ഈ വ്യവസ്ഥ പൂർണ്ണ മായും നടപ്പാക്കണം. അതുപോലെ ലീസിന് അനുവദിച്ച എസ്റ്റേറ്റുകളിലെ സംരംഭകരുടെ പ്രശ്നങ്ങൾ കൂടി പരിഹാരം കാണണം. സർക്കാരിന്റെ പരിഗണനയിലുള്ള ലാന്റ് അലോട്ട്മെന്റ് പോളിസി സംരംഭകരുടെ അവകാശങ്ങൾ സംരക്ഷിച്ചു കൊണ്ടുള്ള തീരുമാനം താമസിയാതെ ഉത്തരവായി ഇറക്കി ഈ മേഖലയിലെ ദീർഘ നാളത്തെ ആവശ്യം കൂടി അംഗീകരിച്ച് കഴിഞ്ഞാൽ നമ്മുടെ സംസ്ഥാനം വിപ്ലവകരമായ ഒരു വ്യവസായ സംസ്ക്കാരത്തിന് അടിത്തറ പാകും. ●

**എ. നിസാറുദ്ദിൻ**

സംസ്ഥാന പ്രസിഡന്റ്



# എല്ലാം ശരിയാകും

## സർട്ടിഫിക്കേഷൻ ശരിയാണെങ്കിൽ

ഭക്ഷ്യ ഉൽപാദക സ്ഥാപനങ്ങൾ, ഭക്ഷ്യ സംസ്കരണ കമ്പനികൾ, ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ, എക്സ്പോർട്ടിംഗ് എന്നിങ്ങനെ ചെറുകിട, ഇടത്തരം ബിസിനസുകൾ ഉൾപ്പെടെ ഭക്ഷ്യ വിതരണ ശൃംഖലയിലെ എല്ലാ തരത്തിലുമുള്ള ബിസിനസുകൾക്കും ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കേഷൻ ബാധകമാണ്


കൂടുതൽ വിവരങ്ങൾക്ക്

**NATIONAL CENTRE FOR HACCP CERTIFICATION**

2, Vidhya Nagar, Opposite Police Ground,
Thycaud P.O., Thiruvananthapuram - 695014.
Tel: +91 471-2321882 Fax: +91 471-2322883
Email: info@haccpindia.org
www.haccpindia.org

**വോയിസ് ഓഫ് ജനറൽ സെക്രട്ടറി**






# ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് യാഥാർത്ഥ്യമാകുന്നതെപ്പോൾ ?

ഒരു സംരംഭകന് തന്റെ വ്യവസായം തടസ്സങ്ങളില്ലാതെ സുഗമമായി നടത്തുന്നതിന് സഹായകരമായ സംവിധാനത്തെയാണ് ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് എന്ന തുകൊണ്ട് അർത്ഥമാക്കുന്നത്. സംസ്ഥാന സർക്കാർ വ്യവസായ മേഖലയിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും സംരംഭകരെ ഈ മേഖലയിൽ കൊണ്ട് വരുന്നതിനും നടപ്പാക്കുന്ന പദ്ധതികളും ആനുകൂല്യങ്ങളും അത് സംരംഭകർക്ക് തടസ്സങ്ങളില്ലാതെ അതാത് സമായസമയങ്ങളിൽ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക, വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന ലൈസൻസുകളും സേവനങ്ങളും പരാതികൾക്കിടയില്ലാതെ ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തുക. സർക്കാർ നല്കുന്ന വാഗ്ദാനങ്ങളിൽ നിന്നും പിന്നോട്ട് പോകാതിരിക്കുക, അനാവശ്യ തൊഴിൽ സമരങ്ങൾ മൂലം സംരംഭങ്ങൾ നിലച്ചു പോകാതിരിക്കുക, വിപണന രംഗത്തെ ബുദ്ധിമുട്ടുകൾ ഇല്ലാതിരിക്കുക, ഉല്പന്നങ്ങൾ വിപണനം നടത്തിയാൽ സമയാ സമയങ്ങളിൽ അതിന്റെ വില ലഭിക്കുക തുടങ്ങിയ വിഷയങ്ങളിൽ അനുകൂലമായ അന്തരീക്ഷം സംസ്ഥാനത്തുണ്ടാകുമ്പോഴാണ് ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് അർത്ഥപൂർണ്ണമാകുന്നത്.

സംസ്ഥാന സർക്കാർ, വ്യവസായ മേഖലകളിലെ സംരംഭകരുടെ ലൈസൻസ് സംബന്ധമായ ബുദ്ധിമുട്ടുകൾ ലഘൂകരിച്ചു കൊണ്ട് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായികൾക്ക് വളരെ ബുദ്ധിമുട്ടുകൾ ഉള്ള 7 ആക്റ്റുകളും 10 റൂളുകളും ഭേദഗതി ചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ലൈസൻസ് പുതുക്കേണ്ട കാലാവധി 5 വർഷമാക്കി, പരാതിയുടെ അടിസ്ഥാനത്തിൽ വ്യവസായങ്ങൾക്കെതിരെ സ്റ്റോപ്പ് മെമ്മോ നല്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം എടുത്തു കളഞ്ഞ്, വ്യവസായ വകുപ്പിന്റെയും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും അനുമതിയോടെ 5 എച്ച്. പി. താഴെ കപ്പാസിറ്റിയുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്ന 5 ലക്ഷം രൂപ വരെ നിക്ഷേപമുള്ള സംരംഭങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസിൽ നിന്നും ഒഴിവാക്കി, 50 കോടി രൂപ വരെ നിക്ഷേപമുള്ള റെഡ് കാറ്റഗറി ഒഴിച്ചുള്ള സംരംഭങ്ങൾ തുടങ്ങാൻ തുടക്കത്തിൽ ലൈസൻസുകൾ ഒഴിവാക്കി, 3 വർഷത്തിനു ശേഷം ലൈസൻസുകൾ എടുത്താൽ മതി, അപേക്ഷിച്ചാൽ ഒരാഴ്ചക്കുള്ളിൽ സംരംഭകന് അനുമതി ലഭിക്കും, നോക്കുക്കൂലി സമ്പ്രദായം പൂർണ്ണമായും നിരോധിച്ചു, വ്യവസായി നിശ്ചയിക്കുന്ന തൊഴിലാളികളെ കൊണ്ട് കയറ്റിറക്കു ജോലികൾ ചെയ്യാനുള്ള അനുവാദം, തുടങ്ങിയ ഒട്ടേറെ വ്യവസായ സൗഹൃദ അനുകൂല നടപടികൾ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായികളുടെ പരാതികൾ പരിഹരിക്കുന്നതിനു നിയമപരമായ അധികാരമുള്ള സംസ്ഥാന ജില്ലാതല പരാതി സമിതികൾ, ജില്ല വ്യവസായ കേന്ദ്രങ്ങളിലും താലൂക്ക് വ്യവസായ ഓഫീസ്സുകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകളും എം.എസ്.എം. ഇ. ഫെസിലിറ്റേഷൻ സെന്ററുകളും സ്ഥാപിതമായി. ഇനി സർക്കാരും വിവിധ വകുപ്പുകളും വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് വ്യവസായികളുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ പ്രാവർത്തികമാക്കി, അതിന്റെ ഗുണങ്ങൾ സംരംഭകന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും വേണം. ഇവ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിന്റെ റാങ്ക് നിശ്ചയിക്കുന്നതിന് പ്രധാന ഘടകങ്ങളാണ്. കേന്ദ്ര സർക്കാരിന്റെ അംഗീകൃത ഏജൻസികളാണ് നമ്മുടെ സംസ്ഥാനത്തിന്റെ റാങ്ക് നിശ്ചയിക്കുന്നത് ഇപ്പോൾ 28 ൽ നിന്നും 15 ലേക്ക് എത്തി. ഇത് മുൻ വർഷത്തെ കണക്കുകൾ പ്രകാരമാണ്. സംസ്ഥാന സർക്കാർ വ്യവസായ മേഖലയുടെ വളർച്ചയ്ക്കും സംരംഭകരുടെ ബുദ്ധിമുട്ടുകളും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പുറമെ നിലവിലുള്ള സംരംഭകരുടെ ബുദ്ധിമുട്ടുകൾ നേരിട്ട് മനസ്സിലാക്കി കൊണ്ടാണ് റാങ്കിന്റെ മാനദണ്ഡം നിശ്ചയിക്കുന്നത്.

നമ്മുടെ സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെയും മറ്റു ഏജൻസികളുടെയും കീഴിലുള്ള 150 ൽ പരം വ്യവസായ എസ്റ്റേറ്റുകളിലെ സംരംഭകരുടെ പ്രശ്നങ്ങൾ വർഷങ്ങളായി പരിഹരിക്കപ്പെടാതെ കിടപ്പുണ്ട്. ഇതിനുള്ള പരിഹാരം കാണുന്നതിനുള്ള ശ്രമം സർക്കാർ നടത്തുന്നുണ്ടെങ്കിലും ഇപ്പോഴും അന്തിമ തീരുമാനമായിട്ടില്ല. സർക്കാർ വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് അനുകൂലമായ എത്ര നടപടികൾ സ്വീകരിച്ചാലും നിലവിലെ സംരംഭകരുടെയും വ്യക്തിഗത പ്രശ്നങ്ങളും പരിഹരിച്ചാലെ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് പൂർണ്ണമായും യാഥാർത്ഥ്യമാകു.


**പി.ജെ. ജോസ്**
ജനറൽ സെക്രട്ടറി



# വ്യവസായം കുതിക്കും...

എസ്. ഹരി കിഷോർ ഐ.എ.എസ്.

കേരള വ്യവസായ വാണിജ്യ നയം 2023: നിക്ഷേപ സൗഹൃദ കേരളത്തിന് നിരവധി ആനുകൂല്യങ്ങൾ കേരളത്തിന്റെ വ്യവസായ രംഗത്തിന് കൂടുതൽ ഊർജ്ജം പകരുന്ന വ്യവസായ നയത്തിന് അംഗീകാരം ലഭിച്ചിരിക്കുകയാണ്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളനുസരിച്ച് കേരളത്തെ വൻ വ്യവസായ കുതിപ്പിലേക്ക് നയിക്കുന്നതിന് ഉത്തേജനം നല്കുകയെന്നുള്ളതാണ് പുതിയ നയത്തിന്റെ ലക്ഷ്യം. ഭാവി ജോലികൾക്കും വ്യവസായങ്ങൾക്കും സാങ്കേതിക വിദ്യകൾക്കും പര്യാപ്തമായ രീതിയിൽ യുവാക്കളുടെ നൈപുണ്യം വർദ്ധിപ്പിച്ച് ഉത്തരവാദിത്വ- സുസ്ഥിര നിക്ഷേപങ്ങൾ ആകർഷിച്ച് സംരംഭകത്വ വളർച്ച, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത എന്നിവ മുഖേന കേരളത്തെ വ്യവസായ വിപ്ലവത്തിന്റെ 4.0 (വ്യവസായ വിപ്ലവത്തിന്റെ നാലാം പതിപ്പ്) ലേക്ക് എത്തിക്കുന്നതിനുള്ള ഊർജിത പരിപാടികളാണ് പുതിയ നയത്തിലുള്ളത്. 22 മുൻഗണനാ മേഖലയിൽ ആരംഭിക്കുന്ന പദ്ധതികൾക്ക് 18 സബ്സിഡികൾ പ്രഖ്യാപിച്ചുകൊണ്ടാണ് പുതിയ വ്യവസായ നയം പുറത്തിറങ്ങിയിരിക്കുന്നത്. നിക്ഷേപം വളർത്തുന്നതിനും സുസ്ഥിര വ്യാവസായിക സൗഹൃദം സൃഷ്ടിക്കുന്നതിനുമായി കൊണ്ടു വന്ന വ്യവസായ നയത്തിലൂടെ കേരളത്തിൽ പൂർണ്ണമായും സംരംഭക സൗഹൃദമായ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സാധിക്കും. അഭ്യസ്തവിദ്യരായ യുവാക്കളെയും സ്ത്രീകളെയും സംരംഭക ലോകത്തേക്ക് കൈപിടിച്ചുയർത്താൻ നിരവധി പദ്ധതികൾ വ്യവസായ നയം മുന്നോട്ടു വെക്കുന്നു.




## 22 മുൻ ഗണനാ മേഖലകൾ

22 മേഖലകളിലൂന്നിയ വ്യവസായ വല്ക്കരണമാണ് വ്യവസായ നയം ലക്ഷ്യമിടുന്നത്. എയ്റോസ്പേസ് ആന്റ് ഡിഫൻസ് നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ, ആയുർവേദം, ബയോടെക്നോളജി ആന്റ് ലൈഫ് സയൻസ്, രൂപകൽപ്പന (ഡിസൈൻ), ഇലക്ട്രിക് വാഹനങ്ങൾ, ഇലക്ട്രോണിക്സ് സിസ്റ്റം, രൂപ കല്പനയും ഉല്പാദനവും, എഞ്ചിനിയറിങ് ഗവേഷണവും വികസനവും, ഭക്ഷ്യ സാങ്കേതിക വിദ്യകൾ, ഗ്രാഫിന്, ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉല്പന്നങ്ങൾ, ഹൈടെക് ഫാമിങ്ങും മൂല്യവർദ്ധിത തോട്ടവിളയും, ലോജിസ്റ്റിക്സ് ആന്റ് പാക്കേജിങ്, മാരിടൈം മേഖല, മെഡിക്കൽ ഉപകരണങ്ങൾ, നാനോ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, റീസൈക്ലിങ്ങും മാലിന്യ സംസ്കരണവും, പുനരുപയോഗ ഊർജ്ജം, ചില്ലറ വ്യാപാരമേഖല, വിനോദസഞ്ചാരവും ആതിഥേയത്വവും, 3 ജി പ്രിന്റിങ് എന്നിവയാണ് 22 മുൻഗണനാ മേഖലകൾ. ഈ മേഖലകളുടെ വ്യവസായങ്ങളുടെ വളർച്ച സാധ്യമാക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, സാങ്കേതിക വിദ്യയും നവീകരണവും, സ്ഥാപനപരമായ കാര്യക്ഷമത, വിപണി വികസനം, കയറ്റുമതി സുഗമമാക്കൽ, ഗവേഷണ വികസനം, നൈപുണ്യ വികസനം, പ്രോത്സാഹനങ്ങൾ എന്നീ ഉപനയങ്ങളിലൂടെ സമഗ്ര പിന്തുണ നല്കും. അക്കാദമിക് സ്ഥാപങ്ങളുമായി ചേർന്ന് ഗവേഷണഫലമായി ലഭിക്കുന്ന ഉല്പന്നങ്ങളുടെ വ്യാവസായിക ഉല്പാദനത്തിന് മുൻഗണന നല്കുന്ന വ്യവസായ പാർക്കുകൾ ആരംഭിക്കാനും ഇതിനൊപ്പം തന്നെ ഗ്രാഫിനെ പോലെ വ്യവസായ സമ്പദ്‌രംഗങ്ങളിൽ ഉയർന്നുവരുന്ന നവീനമേഖലകളിൽ ഗവേഷണത്തിന് സഹായം ലഭ്യമാക്കാനും സർക്കാർ തയ്യാറാണ്.

## സർക്കാർ ആനുകൂല്യങ്ങൾ

പുതിയ വ്യവസായ നയത്തിൽ അനവധി പ്രോത്സാഹന പദ്ധതികളുമുണ്ട്. പുതുതായി ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് 5 വർഷത്തേക്ക് വൈദ്യുതി നികുതിയിൽ പൂർണ്ണമായും ഇളവ് നല്കും. വൻകിട മെഗാ സംരംഭങ്ങൾക്ക് സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം (10 കോടി രൂപ വരെ) സബ്സിഡി നല്കും. ഒപ്പം ഇത്തരം സംരംഭങ്ങളുടെ മൂലധന നിക്ഷേപത്തിന് 5 വർഷം വരെ സംസ്ഥാന ജി.എസ്.ടി. വിഹിതം തിരിച്ച് നല്കും. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 3 കോടി

രൂപയുടെ സാമ്പത്തിക സഹായം ലഭ്യമാക്കും. എം.എസ്.എം.ഇ. സംരംഭങ്ങൾ ആരംഭിക്കുന്നതിന് നാല് ശതമാനം പലിശനിരക്കിൽ 10 ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കും. ഇതിനൊപ്പം സ്ത്രീകൾ, പട്ടികജാതി-പട്ടിക വർഗ്ഗം, ട്രാൻസ്ജെൻഡ് സംരംഭകർക്ക് സംസ്ഥാനത്തെവിടെയും നിർമ്മാണയൂണിറ്റ് ആരഭിക്കാൻ ഭൂമി/കെട്ടിടം വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ചാർജ്ജിലും 100 ശതമാനം വരെ ഇളവ് അനുവദിക്കും. നിർമ്മിത ബുദ്ധി ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, ഡാറ്റ മൈനിങ്ങ് ആന്റ് അനാലിസിസ് സംരംഭങ്ങൾക്ക് ചെലവാകുന്ന തുകയുടെ 20 ശതമാനം (25 ലക്ഷം രൂപ വരെ) സർക്കാർ തിരികെ നല്കും. 50 ശതമാനത്തിലധികം പ്രാദേശിക തൊഴിലാളികൾക്ക് സ്ഥിരം ജോലി നല്കുന്ന വൻകിട, മെഗാ സംരംഭങ്ങളിൽ, തൊഴിലാളികളുടെ മാസ ശമ്പളത്തിന്റെ 25 ശതമാനം (പരമാവധി 5,000 രൂപ വരെ) തൊഴിലുടമയ്ക്ക് സർക്കാർ ഒരു വർഷത്തേക്ക് തിരികെ നല്കുന്നതിനുള്ള പദ്ധതി, ട്രാൻസ്ജെൻഡ് തൊഴിലാളികൾക്ക് മാസ വേതനതത്തിന്റെ 7500 രൂപ തൊഴിലുടമയ്ക്ക് ഒരു വർഷത്തേക്ക് തിരികെ നല്കുന്നതിനുള്ള പദ്ധതി, സംസ്ഥാനത്തെ സ്റ്റാർട്ട് അപ്പുകൾക്ക് സ്കെയിൽ അപ്പിന് ഒരു കോടി വരെ വായ്പ, തുടങ്ങി നിരവധി പദ്ധതികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. പേറ്റന്റ്, പകർപ്പാവകാശം വ്യാപാര മുദ്രകൾ, ജി.ഐ. രജിസ്ട്രേഷൻ എന്നിവയ്ക്ക് ചെലവായ തുകയുടെ 50 ശതമാനവും മെയ്ഡ് ഇൻ കേരള സർട്ടിഫിക്കേഷനുള്ള തുകയുടെ 50 ശതമാനവും സർക്കാർ തിരികെ നല്കും.

## കൂടുതൽ പദ്ധതികൾ

മെഡിക്കൽ അനുബന്ധ വ്യവസായങ്ങൾ ശക്തിപ്പെടുത്താൻ മെഡിക്കൽ ഡിവൈസ് പാർക്കിൽ ഡിസൈനിങ്ങിനും നിർമ്മാണത്തിനും സൗകര്യമൊരുക്കും. ഇലക്ട്രോണിക് സിസ്റ്റം ഡിസൈനിങ്ങിനും നിർമ്മാണ മേഖലയിലും നേട്ടമുണ്ടാക്കാനായി ഇലക്ട്രോണിക് മാന്യുഫാക്ചറിങ്ങ് ക്ലസ്റ്ററും ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കും സ്ഥാപിക്കും. ഇലക്ട്രോണിക്സ് വാഹന രംഗത്തെ വിപ്ലവകരമായ മുന്നേറ്റം ഉപയോഗപ്പെടുത്തുന്നതിനായി അഡ്വാൻസ് ബാറ്ററി നിർമ്മാണ ഇ വി (EV) പാർക്ക് സ്ഥാപിക്കും. ഈ മേഖലയിലെ ഗവേഷണങ്ങൾക്ക് പ്രത്യേക ഗ്രാന്റ് അനുവദിക്കും. ഫുഡ് ടെക്നോളജി മേഖലയിൽ ഫുഡ് ടെക് ഇൻക്യൂബേറ്ററുകൾ സ്ഥാപിക്കുന്നതിനൊപ്പം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ മെഗാ ഫുഡ് പാർക്കുകളും പ്രത്യേക ഫുഡ് പാർക്കുകളും സ്ഥാപിക്കും. ലോജിസ്റ്റിക് കണക്റ്റിവിറ്റി വർദ്ധിപ്പിക്കാൻ മിനി മൾട്ടി ലോജിസ്റ്റിക് പാർക്കുകൾ സ്ഥാപിക്കും. വ്യവസായ പാർക്കുകളിൽ ലോജിസ്റ്റിക് സൗകര്യങ്ങൾക്കായി ഭൂമി ലഭ്യമാക്കുന്നതിനൊപ്പം ലോജിസ്റ്റിക്സ് സേവന ദാതാക്കൾക്ക് വ്യവസായ പദവി നല്കുകയും ചെയ്യും. അതിനൂതന സാങ്കേതിക വിദ്യയായ നാനോ ടെക്നോളജി ഉപയോഗപ്പെടുത്താൻ പി പി പി മാതൃകയിൽ നാനോ ഫാബ് ആരംഭിക്കും. എയ്റോസ്പേസ്, ഡിഫൻസ് ടെക്നോളജി ഹബ്ബാക്കി മാറ്റുന്നതിനായി കേരള സ്പേസ് പാർക്ക് പദ്ധതിയുടെ ഭാഗമായി വ്യവസായ പാർക്ക് സ്ഥാപിക്കും. 3 ഡി പ്രിന്റിങ്ങ് രംഗത്ത് കേരളത്തിന്റെ സ്ഥാനമുറപ്പിക്കുന്നതിനായി ലോകോത്തര ബയോ പ്രിന്റിങ്ങ് ലാബ് കേരളത്തിൽ ആരംഭിക്കും. ഇതിനൊപ്പം 3 ഡി പ്രിന്റിങ്ങ് കോഴ്സുകളും രൂപകല്പന ചെയ്യും. പരമ്പരാഗത വ്യവസായങ്ങളെ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ നവീകരിക്കും. ഉല്പന്നങ്ങൾ കേരള ബ്രാന്റ് ലേബലിൽ വിപണനം ചെയ്യാൻ സൗകര്യമൊരുക്കുന്നതിനൊപ്പം വിദേശ വിപണി കണ്ടെത്താൻ സഹായിക്കുമെന്നും നയത്തിലുണ്ട്.

പുതിയ കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്ത് പരമാവധി നിക്ഷേപം ആകർഷിച്ച് കൂടുതൽ വ്യവസായങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുക എന്ന ദീർഘ വീക്ഷണത്തോടെയുള്ള പുതിയ വ്യവസായ നയം കേരളത്തെ വ്യവസായ വിപ്ലവം 4.0-ലേക്ക് എത്തിക്കുന്നതിന് ഫലപ്രദമാകുമെന്നുള്ള ശുഭ പ്രതീക്ഷയുണ്ട്. നിലവിലെ വ്യവസായ സൗഹൃദ മാറ്റത്തിന് തുടർച്ചയുണ്ടാക്കാനും വ്യവസായ രംഗത്തും കേരള മാതൃക സൃഷ്ടിക്കാനും പുതിയ വ്യവസായ നയത്തിലൂടെ സാധിക്കും. ●

**വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി. എം.ഡി. ആണ് ലേഖകൻ**



# കേരളത്തിന് വ്യവസായ കുതിപ്പേകാൻ സംരംഭക വർഷം 2.0



സുരജ് എസ്.

മാറുന്ന കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാവുന്ന വ്യവസായ അന്തരീക്ഷം സംസ്ഥാനത്ത് ഒരുക്കുമെന്ന് ബഹു. മുഖ്യമന്ത്രി.

ഒരു വർഷത്തിനുള്ളിൽ 1.39 ലക്ഷം സംരംഭങ്ങൾ ആരംഭിച്ച് ചരിത്രം സൃഷ്ടിച്ച സംരംഭകവർഷം പദ്ധതിയുടെ തുടർച്ചയായി സംരംഭക വർഷം 2.0 യുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്. സംസ്ഥാനത്തെ ചെറുകിട സൂക്ഷ്മ വ്യവസായങ്ങളിൽ 1,000 എണ്ണം തെരഞ്ഞെടുത്തത് 100 കോടി രൂപ വിറ്റുവരവുള്ള സംരംഭങ്ങളാക്കുന്ന മിഷൻ 1000 പദ്ധതിയുൾപ്പെടെ വിപുലമായ പദ്ധതികളാണ്. കൃത്യമായ ആസൂത്രണത്തോടെയും ദീർഘവീക്ഷണത്തോടെയും വ്യവസായ വകുപ്പ് 2023-2024 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിഷ്കരിച്ചിരിക്കുന്നത്. സംരംഭക വർഷം 2.0. യുടെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ, എറണാകുളം ഗോകുലം പാർക്ക് കൺവെൻഷൻ സെന്ററിൽ വെച്ച് ഉദ്ഘാടനം ചെയ്തു.




മാറുന്ന കാലത്തിന്റെ വെല്ലുവിളി ഏറ്റെടുക്കാനാകും വിധമുള്ള സുസ്ഥിര വ്യവസായ സൗഹൃദാന്തരീക്ഷം ലക്ഷ്യമിട്ടാണ് സംരംഭകവർഷം 2.0. വിഭാവനം ചെയ്തിരിക്കുന്നതെന്ന് ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ പരിപാടി ഉദ്ഘാടനം ചെയ്തു കൊണ്ട് പറഞ്ഞു. പുതിയ വ്യവസായ നയത്തിൽ അത്യാധുനിക സാങ്കേതിക വിദ്യയിൽ ഊന്നിയുള്ള വ്യവസായങ്ങൾക്ക് മുൻഗണന നല്കുന്നതോടൊപ്പം ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കും. നിക്ഷേപങ്ങൾ ആകർഷിക്കാനും, നൂതനാശയങ്ങൾക്ക് പ്രാധാന്യം നൽകാനുമാണ് ശ്രദ്ധിക്കുന്നത്. അത് വഴി സുസ്ഥിര വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുമെന്ന് ബഹു. മുഖ്യമന്ത്രി പറഞ്ഞു.

കേരളം വ്യവസായങ്ങൾക്ക് പറ്റിയ ഇടമല്ല എന്ന ആക്ഷേപമുണ്ടായിരുന്നു. നിക്ഷേപകരല്ല, പകരം നാടിനെ ഇകഴ്ത്തി കാണിക്കാൻ ഉദ്ദേശിക്കുന്ന നിക്ഷിപ്ത താത്പര്യക്കാരാണ് ഇതിന് പിന്നിൽ. എന്നാൽ കേരളത്തിലേക്ക് ബഹുരാഷ്ട്ര കമ്പനികൾ നിക്ഷേപത്തിന് തയ്യാറായി മുന്നോട്ടു വന്നു. ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ എന്ന് പറഞ്ഞപ്പോൾ സംശയിച്ചവരുണ്ടായിരുന്നു, എന്നാൽ എട്ട് മാസം കൊണ്ട് തന്നെ ലക്ഷ്യം പൂർത്തിയായി. പദ്ധതിയ്ക്ക് ലഭിച്ച സ്വീകാര്യതയാണ് ഇതിന്റെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിക്കുന്നത്. നിലവിലുള്ള 1000 സംരംഭങ്ങളെ തെരഞ്ഞെടുത്ത് 4 വർഷം കൊണ്ട് ശരാശരി 100 കോടി വിറ്റുവരവുള്ള യൂണിറ്റുകളാക്കി ഉയർത്തി കൊണ്ടു വരുന്ന പദ്ധതിയാണ് മിഷൻ 1000. ഇത് എല്ലാ സംരംഭങ്ങൾക്കും കൂടുതൽ ആത്മവിശ്വാസം പകരുമെന്നും ബഹു. മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിലെ പ്രശ്നങ്ങൾ മനസ്സിലാക്കി അതിനുള്ള പരിഹാരം കണ്ടെത്തുന്നതിനായുള്ള സോഫ്റ്റ് വെയർ നിർമ്മിക്കാൻ ശ്രമം തുടങ്ങിയതായി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. സംരംഭക വർഷത്തിന്റെ ആദ്യ ഘട്ടത്തിൽ 1,39,840 സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു. 3,43,000 തൊഴിലവസരം സൃഷ്ടിക്കപ്പെട്ടു. 45,107 വനിതാ സംരംഭങ്ങൾ ആരംഭിച്ചു. 14 പേർ ട്രാൻസ്ജെൻഡർമാരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മിഷൻ 1000 പോർട്ടലിന്റെയും യൂട്യൂബ് സെൽഫി പോയിന്റിന്റെയും ഉദ്ഘാടനം ബഹു. ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിച്ചു. ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് ചടങ്ങിൽ സന്നിഹിതനായിരുന്നു.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരായ സുമൻ ബില്ല ഐ.എ.എസ്, എം.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ എസ്. ഹരി കിഷോർ ഐ.എ.എസ്, എറണാകുളം ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് ഐ.എ.എസ്, കെ.എസ്.എസ്.ഐ.എ. ജനറൽ സെക്രട്ടറി പി.ജെ.ജോസ്, ഫിക്കി സ്റ്റേറ്റ് കൗൺസിൽ മുൻ കോ-ചെയർ ദീപക്ക് അസ്വാനി, സി.ഐ.ഐ. കേരള ചെയർ അജു ജേക്കബ്, ടൈ കേരള പ്രസിഡന്റ് ദാമോദർ അവനൂർ തുടങ്ങിയവർ പങ്കെടുത്തു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നുള്ള 600 ലധികം സംരംഭകരും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരും ചടങ്ങിൽ സന്നിഹിതരായിരുന്നു. ●

**കെ – ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**

വ്യവസായികളുടെയും സംരംഭകരുടെയും സംശയങ്ങൾക്ക് മറുപടി നല്കുന്നു. വിവരങ്ങൾ അറിയാൻ കെ.എസ്.എസ്.ഐ.എ. ന്യൂസിലേക്ക് എഴുതുക.

# ഒന്നാമതാകാൻ
## രണ്ടാം ഘട്ട പദ്ധതികൾ

### സംരംഭക വർഷം 2.0

2023-24 സാമ്പത്തിക വർഷത്തിലും ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ലക്ഷ്യമിടുന്ന പദ്ധതിയാണ് സംരംഭക വർഷം 2.0. ബോട്ടം-അപ് പ്ലാനിങ്ങിലൂടെയായിരിക്കും ഇത്തവണ ജില്ല തിരിച്ച് സംരംഭങ്ങളുടെ എണ്ണം നിശ്ചയിക്കുക. ഏപ്രിൽ മുതൽ ജൂൺ വരെ പൊതുബോധവൽക്കരണവും തുടർന്ന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വായ്പാ-ലൈസൻസ്-സബ്സിഡി മേളകളും സംഘടിപ്പിക്കും. മെന്ററിങ്ങ് സിസ്റ്റത്തിൽ എല്ലാ എം.എസ്.എം.ഇ. കളെയും രജിസ്റ്റർ ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ലഭ്യമാക്കും. നെറ്റ് വർക്കിങ്ങ് പോർട്ടലും പുതിയ പദ്ധതിയുടെ ഭാഗമായി ആരംഭിക്കും.

### സ്കെയിൽ അപ് മിഷൻ
### മിഷൻ 1000

തെരഞ്ഞെടുത്ത 1,000 എം.എസ്.എം.ഇ. കളെ 100 കോടി വിറ്റുവരവുള്ള യൂണിറ്റുകളായി നാല് വർഷത്തിനുള്ളിൽ ഉയർത്തുന്ന പദ്ധതി, നിഷ്കർഷിച്ച അടിസ്ഥാന യോഗ്യതകളുള്ള എം.എസ്.എം.ഇ. കളെ സുതാര്യമായ സംവിധാനത്തിലൂടെ സ്കെയിൽ അപ് സ്കീമിനായി തെരഞ്ഞെടുത്ത് സർക്കാർ പിന്തുണ നൽകും.

### എം.എസ്.എം.ഇ. സുസ്ഥിരതാ പദ്ധതി

കഴിഞ്ഞ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച 1,39,840 സംരംഭങ്ങളുടെ വിജയവും, സുസ്ഥിരതയും ഉറപ്പ് വരുത്തുന്നതിനായി ആരംഭിക്കുന്ന പദ്ധതിയാണ് എം.എസ്.എം.ഇ. സുസ്ഥിരതാപദ്ധതി. എം.എസ്.എം.ഇ. കളുടെ അടച്ചുപൂട്ടൽ നിരക്ക് കുറക്കുന്നതിനും പുതിയ എം.എസ്.എം.ഇ. കളുടെ വിറ്റുവരവിൽ 5 ശതമാനം വളർച്ചാ നിരക്ക് ഉറപ്പാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു, പദ്ധതിയുടെ ഭാഗമായി എം.എസ്.എം.ഇ. പെർഫോമൻസ് മോണിറ്ററിങ്ങിനായി ഓട്ടോമേറ്റഡ് സിസ്റ്റം കൊണ്ടു വരുന്നതിനൊപ്പം എം.എസ്.എം.ഇ. കൾക്കിടയിൽ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനതല നെറ്റ്‌വർക്കിങ്ങ് ക്ലസ്റ്ററും സൃഷ്ടിക്കും. പ്രത്യേക ഇൻസെന്റീവുകളും ഈ പദ്ധതിയിലൂടെ എം.എസ്.എം.ഇ. കൾക്ക് ലഭ്യമാക്കും.

### സെൽഫീ വീഡിയോ ചാനൽ

നിലവിൽ പ്രവർത്തിക്കുന്ന എം.എസ്.എം.ഇ. സംരംഭങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് പ്രത്യേക യൂട്യൂബ് ചാനൽ വികസിപ്പിച്ചിട്ടുണ്ട്. ഈ ചാനലിലൂടെ സംരംഭകരുടെ ഉല്പന്നങ്ങളെയും സേവനങ്ങളെയും പരിചയപ്പെടുത്തുന്ന സെൽഫി വിഡിയോകൾ ജനങ്ങളിലെത്തിക്കും. ചാനലിന്റെ പ്രമോഷൻ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുകയും അതുവഴി സംരംഭകരുടെ വിപണനം പ്രോത്സാഹിപ്പിക്കുകയും ചെയ്യാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.



# വനിത സംരംഭം
## നിരവധി സർക്കാർ സഹായ പദ്ധതികൾ



ടി.എസ്. ചന്ദ്രൻ

വനിതകളിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി പദ്ധതികൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്നുണ്ട്. 2013 ലെ കേന്ദ്ര സർക്കാരിന്റെ പഠന പ്രകാരം ഇന്ത്യയിലെ എം.എസ്.എം. ഇ. കളിൽ 13.76% മാത്രമാണ് വനിതാ പ്രാതിനിധ്യം ഇത് ഉയർത്തിക്കൊണ്ടു വരുന്നതിന് നിരവധിയായ പദ്ധതികളും പരിപാടികളും ആനുകൂല്യങ്ങളും സർക്കാർ നൽകി വരുന്നു. ഒരു ബിസിനസ് ആശയമുണ്ട് എങ്കിൽ അതിനെ പ്രാവർത്തികമാക്കുന്നതിന് വേണ്ട സാമ്പത്തിക സാങ്കേതിക സഹായങ്ങൾ എല്ലാം സർക്കാർ നല്കി വരുന്നുണ്ട്. വനിതകൾക്ക് നൽകി വരുന്ന സാമ്പത്തിക സഹായ പദ്ധതികളെ കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. വനിതകൾക്ക് മാത്രമായും പ്രത്യേക പരിഗണന നൽകിയും നടപ്പാക്കി കൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട കേന്ദ്ര–സംസ്ഥാന പദ്ധതികൾ ഇവയാണ്.

### 1. സ്റ്റാൻഡ് ഇന്ത്യ സ്കീം

2016–17 മുതൽ കേന്ദ്ര സർക്കാർ നടപ്പാക്കി വരുന്നു. 10 ലക്ഷം രൂപയ്ക്ക് മുകളിലും ഒരു കോടി രൂപയ്ക്ക് താഴെയുമുള്ള വായ്പകളാണ് സ്റ്റാൻഡ് അപ് ഇന്ത്യ പദ്ധതി പ്രകാരം അനുവദിക്കുന്നത്. ഇന്ത്യയിലെ ഒരു ബ്രാഞ്ച് മിനിമം ഒരു വനിതക്കും ഒരു പട്ടികജാതി പട്ടിക വർഗ്ഗ സംരംഭകനും ഓരോ വായ്പകൾ ഓരോ വർഷവും നിർബന്ധമായും നൽകിയിരിക്കണം എന്നാണ് ഈ പദ്ധതിയുടെ നിബന്ധന. ഈ പദ്ധതി പ്രകാരം പ്രത്യേക സബ്സിഡി പറയുന്നില്ലെങ്കിലും മറ്റ് സർക്കാർ സബ്സിഡികൾക്ക് അർഹത ഉണ്ടായിരിക്കും. പുതിയ പദ്ധതികൾക്ക് കൊളാറ്ററൽ സെക്യൂരിറ്റി നൽകാതെ തന്നെ വായ്പ അനുവദിക്കുന്നു. ഇതിനായി ബന്ധപ്പെടേണ്ടത് സമീപത്തുള്ള അക്കൗണ്ട് ഹോൾഡ് ചെയ്യുന്ന ബാങ്കിനെയാണ്.



### 2. പി.എം.ഇ.ജി.പി. (പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം)

2008 മുതൽ കേന്ദ്ര സർക്കാർ നടപ്പാക്കി വരുന്ന ഒരു ബൃഹത്തായ പദ്ധതിയാണ് ഇത്. സേവന സംരംഭങ്ങൾക്കും നിർമ്മാണ സംരംഭങ്ങൾക്കും ആണ് പ്രധാനമായും വായ്പ അനുവദിക്കുന്നത്. ഈ പദ്ധതി പ്രകാരം ഇപ്പോൾ പരിധിയില്ലാതെ വായ്പ അനുവദിച്ചു വരുന്നു. എന്നാൽ സേവന സംരംഭങ്ങൾക്ക് 20 ലക്ഷം രൂപ വരെയും നിർമ്മാണ സംരംഭങ്ങൾക്ക് 50 ലക്ഷം രൂപ വരെയുമുള്ള പ്രൊജക്റ്റുകൾക്ക് മാത്രമെ സബ്സിഡി ലഭിക്കുകയുള്ളൂ. വനിതകളെ പൂർണ്ണമായും പ്രത്യേക വിഭാഗമായി കണക്കാക്കി അവരുടെ പദ്ധതികൾക്ക് ഗ്രാമപ്രദേശത്ത് 35 ശതമാനവും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ 25 ശതമാനവും സബ്സിഡി നൽകി വരുന്നു.

വനിതകൾ എടുക്കേണ്ട പദ്ധതി വിഹിതം 5 ശതമാനമായും നിജപ്പെടുത്തിയിരിക്കുന്നു. വനിതകൾക്ക് 30 ശതമാനം സംവരണം ഈ പദ്ധതിയിൽ ഏർപ്പെടുത്തിയിരിക്കുന്നു. ഇതിനായി ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷന്റെ സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

### 3. ജാമ്യം ഇല്ലാതെ 25 ലക്ഷം രൂപ വരെ വനിതാ സംരംഭകർക്ക് വായ്പ

പദ്ധതി നടപ്പിലാക്കുന്നത് കെ.എസ്.ഐ.ഡി.സി. ആണ്. പുതിയ സംരംഭം ആരംഭിക്കുന്നതിനും നിലവിലുള്ളവ വിപുലീകരിക്കുന്നതിനും ഇത് പ്രകാരം വായ്പ ലഭിക്കും. 80 ശതമാനമോ 25 ലക്ഷം രൂപയോ ആയിരിക്കും പരമാവധി അനുവദിക്കുക. എന്നാൽ പ്രവർത്തന മൂലധന ആവശ്യത്തിന് 10 ലക്ഷം രൂപ വരെ മാത്രമേ വായ്പയായി നൽകുകയുള്ളൂ. വനിത സംരംഭകരുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള പ്രോ പ്രൈറ്ററി, പങ്കാളിത്ത സ്ഥാപനങ്ങൾ, കമ്പനികൾ എന്നിവർക്ക് അർഹതയുണ്ട്. 7 ശതമാനമാണ് വാർഷിക പലിശ നൽകേണ്ടത്. ഇതിനായി സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) ഓഫീസുകളുമായി ബന്ധപ്പെടുക.

### 4. എന്റെ ഗ്രാമം

സംസ്ഥാന സർക്കാർ ഖാദി ബോർഡ് വഴി നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണ് എന്റെ ഗ്രാമം. 5 ലക്ഷം രൂപ വരെയാണ് ഈ പദ്ധതി പ്രകാരം വായ്പയായി അനുവദിക്കുന്നത്. വനിതകളെ പ്രത്യേക വിഭാഗമായി കണക്കാക്കി അവർക്ക് 30 ശതമാനം വരെ ഗ്രാൻഡ് അനുവദിച്ചു വരുന്നു. നിർമ്മാണ/സേവന സ്ഥാപനങ്ങൾ ഈ പദ്ധതി പ്രകാരം വനിതകൾക്ക് ആരംഭിക്കാവുന്നതാണ്. ഇതിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി ഖാദി ബോർഡിന്റെ ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്.

### 5. ശരണ്യ

സംസ്ഥാന സർക്കാർ എംപ്ലോയ്മെന്റ് ഡിപ്പാർട്ട്മെന്റ് വഴി നടപ്പാക്കി വരുന്ന ഒരു സാന്ത്വന സഹായ പദ്ധതിയാണ് ശരണ്യ.

വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ ഭർത്താവിനെ കാണാതെപോയ സ്ത്രീകൾ, പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന അവിവാഹിതരായ അമ്മമാർ ഇവർക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുക. 50,000 രൂപ വരെയാണ് പരമാവധി വായ്പ ലഭിക്കുക. ഇതിൽ 50 ശതമാനം പരമാവധി 25,000 രൂപ വരെ സബ്സിഡിയായി ലഭിക്കും. സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് ഈ തുക അനുവദിക്കുന്നത്. സ്വന്തമായി ഒരു തൊഴിൽ കണ്ടെത്തുന്ന സംരംഭങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമെടുക്കുന്നു. ഇതിനായി ബന്ധപ്പെടേണ്ടത് സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസുകളെയാണ്.

### 6. നാനോ പലിശ സബ്സിഡി

സംസ്ഥാന സർക്കാർ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പാക്കി വരുന്ന പദ്ധതിയാണ് ഇത്. 10 ലക്ഷം രൂപയിൽ താഴെ വായ്പയെടുത്ത് സ്വന്തം ഭവനത്തിലോ മറ്റു സ്ഥലങ്ങളിലോ സംരംഭം നടത്തുന്നവർക്ക് വാർഷിക പലിശ തിരികെ നൽകുന്ന പദ്ധതിയാണിത്. തദ്ദേശ സ്വയം ഭരണ സ്ഥാപന അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ഈ പലിശ സബ്സിഡിക്ക് അർഹതയുണ്ട്. വനിതകളെ പ്രത്യേക വിഭാഗമായി കണക്കാക്കി 8 ശതമാനം പലിശയാണ് സംസ്ഥാന സർക്കാർ സബ്സിഡിയായി അനുവദിച്ചു വരുന്നത്. ജില്ലാ വ്യവസായ കേന്ദ്രങ്ങളോ അതിന്റെ ഓഫീസുകളും ആയി വേണം ബന്ധപ്പെടാൻ. കൂടുതൽ വിവരങ്ങൾ ബ്ലോക്ക് തലങ്ങളിൽ പ്രവർത്തിക്കുന്ന വ്യവസായ വികസന ഓഫീസറിൽ നിന്നും ലഭിക്കും.

### 7. എന്റർ പ്രണർ സപ്പോർട്ട് സ്കീം

സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. നിർമ്മാണ യൂണിറ്റുകൾക്ക് സ്ഥിര നിക്ഷേപത്തെ അടിസ്ഥാനമാക്കി 40 ലക്ഷം രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു. വനിതകളെ പ്രത്യേക വിഭാഗമായി കണക്കാക്കി സ്ഥിര നിക്ഷേപത്തിന്റെ 25 ശതമാനം പരമാവധി ഒരു ലക്ഷം രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു. മുൻഗണന വിഭാഗത്തിൽ വരുന്ന സംരംഭങ്ങൾക്ക് ഇപ്പോൾ 35 ശതമാനം വരെ സബ്സിഡി ലഭിക്കുവാൻ സാഹചര്യമുണ്ട്. വായ്പ എടുക്കാത്തവർക്കും സർക്കാരിന്റെ ഈ സബ്സിഡി ആനുകൂല്യം ലഭിക്കും. ജില്ലാ വ്യവസായ കേന്ദ്രം, താലൂക്ക് വ്യവസായ ഓഫീസ് എന്നിവയുമായി ബന്ധപ്പെട്ട അപേക്ഷ സമർപ്പിക്കാ വുന്നതാണ്.

### 8. നാരീ ശക്തി വായ്പ

കേന്ദ്ര സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ വഴി നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണ് നാരീ ശക്തി വായ്പ. സംരംഭകയുടെ വിഹിതം 5 ശതമായി നിജപ്പെടുത്തുന്നു എന്നുള്ളതാണ് ഈ പദ്ധതിയുടെ ഒരു പ്രധാന ആകർഷകത്വം കൂടാതെ 2 ലക്ഷത്തിന് മുകളിലുള്ള വായ്പയുടെ പലിശയിൽ 0.5 ശതമാനം പലിശ സബ്സിഡിയായി അനുവദിക്കുന്നു. 5 ലക്ഷം രൂപ വരെ യാതൊരു ഈടുമില്ലാതെ തന്നെ വനിതാ സംരംഭകർക്ക് നാരീ ശക്തി വായ്പ പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നു. ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളെയാണ് കാണേണ്ടത്,. അക്കൗണ്ട് ഹോൾഡ് ചെയ്യുന്ന ബാങ്കിനെയാണ് ഇതിനായി ആദ്യം സമീപിക്കേണ്ടത്.

### 9. നാനോ സംരംഭങ്ങൾക്ക് 40 ശതമാനം വരെ ഗ്രാൻഡ്

സംസ്ഥാന സർക്കാർ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണ് ഇത്. 10 ലക്ഷം രൂപയിൽ താഴെ പദ്ധതി ചെലവ് വരുന്ന നിർമ്മാണ യൂണിറ്റുകൾക്കും സേവന യൂണിറ്റുകൾക്കും ജോബ് വർക്ക് ചെയ്യുന്ന യൂണിറ്റുകൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. വനിതകളെ പ്രത്യേക വിഭാഗമായി കരുതി പദ്ധതി ചെലവിന്റെ 40 ശതമാനം വരെ പരമാവധി 4 ലക്ഷം രൂപവരെ സബ്സിഡിയായി അനുവദിക്കുന്നു എന്നുള്ളതാണ് നേട്ടം. ഇതിനായി ബന്ധപ്പെടേണ്ടത് ജില്ലാ വ്യവസായ കേന്ദ്രത്തെയോ താലൂക്ക് വ്യവസായ ഓഫീസുകളെയോ ആണ്.

### 10. വനിത സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക സഹായങ്ങൾ

സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി നടപ്പാക്കി വരുന്ന പദ്ധതിയാണിത്. ടെക്നോളജി ട്രാൻസ്ഫർ സ്കീം സോഫ്റ്റ് ലോൺ സ്കീം എന്നിവയാണ് വനിത സ്റ്റാർട്ടപ്പുകൾക്ക് നൽകി വരുന്ന പ്രധാന സാമ്പത്തിക സഹായ പദ്ധതികൾ. ടെക്നോളജി വാങ്ങുന്നതിന് വരുന്ന നിക്ഷേപത്തിന്റെ 90 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെ ഗ്രാൻഡായി അനുവദിക്കുന്നു. വനിതാ സ്റ്റാർട്ടപ്പുകൾക്ക് ലഭിച്ചവർക്ക് ഓർഡറുകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന തുകയുടെ 80 ശതമാനം പരമാവധി 15 ലക്ഷം രൂപ വരെ സോഫ്റ്റ് ലോണായി അനുവദിക്കുന്നു. ഇതിനായി സ്റ്റാർട്ടപ്പ് ഇന്ത്യ പോർട്ടലിലും കേരള സ്റ്റാറ്റസ് മിഷന്റെ പോർട്ടലിലും പ്രത്യേകം റജിസ്റ്റർ ചെയ്യണം. കേരള സ്റ്റാർട്ടപ്പ് മിഷനുമായി ബന്ധപ്പെട്ടാൽ കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതാണ്. ഓൺലൈനായി സ്റ്റാർട്ടപ്പ് മിഷനിൽ അപേക്ഷ സമർപ്പിക്കണം.

### 11. ആഷ

കരകൗശല തൊഴിലാളികൾക്കായി ജില്ല വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പാക്കി വരുന്ന പദ്ധതിയാണിത്. ആർട്ടിസാൻസ് കാർഡുള്ള സംരംഭകർ ആയിരിക്കണം. ഗാർമെന്റ് യൂണിറ്റുകൾക്ക് പോലും ഈ ആനുകൂല്യം ലഭിക്കുന്നതാണ്. വനിതകളെ പ്രത്യേക വിഭാഗമായി കണക്കാക്കി അവരുടെ സ്ഥിര നിക്ഷേപത്തിന്റെ 50 ശതമാനം പരമാവധി 3 ലക്ഷം രൂപ വരെ സർക്കാർ ഗ്രാൻഡായി അനുവദിക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയാണ് ഇതിനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടത്.

വനിതാ വികസന കോർപ്പറേഷൻ 6 മുതൽ 8 ശതമാനം പലിശയ്ക്ക് സംരംഭക വായ്പകൾ അനുവദിച്ചു വരുന്നുണ്ട്.

വനിതാ വികസന കോർപ്പറേഷൻ, പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, ന്യൂനപക്ഷ കോർപ്പറേഷൻ, വികലാംഗ ക്ഷേമ കോർപ്പറേഷൻ, മുന്നോക്ക ക്ഷേമ കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നെല്ലാം കുറഞ്ഞ നിരക്കിൽ വായ്പ അനുവദിച്ചു വരുന്നുണ്ട്. കൃത്യമായ ഒരു പദ്ധതിയും പ്ലാനും ഉണ്ടെങ്കിൽ വായ്പയും സബ്സിഡിയുമായി സർക്കാർ വനിതകൾക്കൊപ്പം ഉണ്ടാകും. ●

**സംസ്ഥാന വ്യവസായ വകുപ്പ്**
**മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ**

വ്യവസായികളുടെയും സംരംഭകരുടെയും സംശയങ്ങൾക്ക് മറുപടി നല്കുന്നു. വിവരങ്ങൾ അറിയാൻ കെ.എസ്.എസ്.ഐ.എ. ന്യൂസിലേക്ക് എഴുതുക.

# പുതിയ സാമ്പത്തിക വർഷത്തിൽ ജി.എസ്.റ്റി. യിൽ ബിസിനസ്സുകാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ



അഡ്വ. കെ.എസ്. ഹരിഹരൻ

2023 ഏപ്രിൽ 1 മുതൽ ആരംഭിക്കുന്ന 2023 – 24 എന്ന പുതിയ സാമ്പത്തിക വർഷത്തിലേക്ക് കടക്കുമ്പോൾ ബിസിനസ്സുകാർ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളെപ്പറ്റി ഒരു ചെറു മാർഗ്ഗരേഖ ഇവിടെ നൽകുകയാണ്.

കണക്കുകൾ പ്രകാരമുള്ള ഔട്ട്‌വാർഡ് സപ്ലൈകൾ ജി.എസ്.റ്റി. ആർ. 1 ഉം ജി.എസ്.റ്റി.ആർ 3 ബി. യുമായി റീ കൺസൈൽ ചെയ്തു വയ്ക്കുക. ഏതെങ്കിലും ഇൻവോയ്സുകൾ റെക്കോർഡ് ചെയ്യാൻ വിട്ടു പോയിട്ടുണ്ടെങ്കിൽ അത് മാർച്ച് 2023 ൽ തന്നെ റിപ്പോർട്ട് ചെയ്യുക. കണക്കുകൾ പ്രകാരം എടുക്കാൻ ലഭ്യമായിട്ടുള്ളതും എടുത്തു കഴിഞ്ഞതുമായ ഇൻ പുട്ട് ടാക്സ് ക്രെഡിറ്റ് ജി.എസ്.റ്റി.ആർ 2 ബി. യും ജി.എസ്.റ്റി.ആർ 3 ബി. യുമായി റീ കൺസൈൽ ചെയ്തു വയ്ക്കുക. നമ്മൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തിട്ടുള്ള ഇൻവാർഡ് സപ്ലൈകളിന്മേൽ നമ്മൾ സപ്ലയർക്ക് നൽകാനുള്ള പെയ്മെന്റ് ഇൻവെയ്സ് ഇഷ്യൂ ചെയ്ത് 180 ദിവസങ്ങൾക്കുള്ളിൽ നമ്മൾ നൽകിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക. നമ്മൾ അപ്രകാരം പെയ്മെന്റ് നടത്തി ക്കഴിഞ്ഞിട്ടില്ലെങ്കിൽ ആ എടുത്ത ഇൻ പുട്ട് ടാക്സ് ക്രെഡിറ്റ് റിവേഴ്സ് ചെയ്യാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. ശേഷം, സപ്ല യർക്ക് മുഴുവൻ പേയ്മെന്റും നൽകി കഴിയുന്ന മാസത്തിൽ നമുക്ക് ആ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാവുന്നതാണ്. നമ്മൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തിട്ടുള്ള എല്ലാ ഇൻവാർഡ് സപ്ലൈകളുടെയും ഇൻവോയ്സ്/ഡെബിറ്റ് നോട്ട് നമ്മുടെ കൈവശം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

സി.ജി.എസ്.റ്റി. ആക്റ്റിന്റെ സെക്ഷൻ 16 (2)– ന്റെ ഇപ്പോഴുള്ള സ്ഥിതി പ്രകാരം നമുക്ക് ഗുഡ്സ്/സർവ്വീസ് സപ്ലൈ ചെയ്ത സപ്ലയർ അയാളുടെ ജി.എസ്.റ്റി. ആർ. 1 ൽ ആ ഇടപാട് രേഖപ്പെടുത്തുകയും, അയാളുടെ ജി.എസ്.റ്റി. ആർ. 3 ബി.യിൽ ആ ഇടപാട് രേഖപ്പെടുത്തി നികുതിയടയ്ക്കുകയും, ആ ഇടപാട് നമ്മുടെ ജി.എസ്.റ്റി. ആർ. 2 ഓ.യിൽ പ്രതിഫലിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ മാത്രമെ നമുക്ക് ആ സപ്ലൈയിന്മേൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാൻ അനുവാദമുള്ളു എന്നത് ഓർക്കുക. സപ്ലയർ സപ്ലയറുടെ ജി.എസ്.റ്റി. ആർ. 1 ലോ ജി.എസ്.റ്റി.ആർ 3 ബി. യിലോ രേഖപ്പെടുത്താതെ പോയതോ നമ്മുടെ ജി.എസ്.റ്റി. ആർ. 2 എ.യിൽ പ്രതിഫലിച്ചു വരാത്തതോ ആയ ഏതെങ്കിലും സപ്ലൈയിന്മേൽ നമ്മൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തിട്ടുണ്ടെങ്കിൽ, ഒന്നുകിൽ സപ്ലയറെക്കൊണ്ട് അത് രേഖപ്പെടുത്തിക്കുക. അതിന് സാധിക്കാത്ത പക്ഷം ആ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിവേഴ്സ് ചെയ്ത് പ്രശ്നം ഒഴിവാക്കുക. ഇല്ലെങ്കിൽ ഭാവിയിൽ വൻ പലിശയും പിഴയും സഹിതം ഡിപ്പാർട്ട്മെന്റ് നമ്മളെക്കൊണ്ട് ആ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തുക തിരിച്ച് അടപ്പിക്കുന്നതാണ്.

നമുക്ക് ഗുഡ്സ്/സർവ്വീസ് സപ്ലൈ ചെയ്ത ഏതെങ്കിലും സപ്ലയർമാരുടെ ജി.എസ്.റ്റി. റജിസ്ട്രേഷൻ 2022– 2023 സാമ്പത്തിക വർഷത്തിൽ റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുക. നമ്മുടെ ഏതെങ്കിലും സപ്ലയറുടെ ജി.എസ്.റ്റി.റജിസ്ട്രേഷൻ എന്ത് കാരണത്തിന്റെ അടിസ്ഥാനത്തിലാണെങ്കിലും റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ, അയാളിൽ നിന്നുള്ള ഇൻവാർഡ് സപ്ലൈകളിന്മേൽ നമ്മൾ എടുത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പലിശ സഹിതം റിവേഴ്സ് ചെയ്യാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്.

ഫിനാൻസ്, ആക്റ്റ്, 2023 ലൂടെ സി.ജി.എസ്.റ്റി. ആക്റ്റിന്റെ സെക്ഷൻ 38 ൽ വരുത്തപ്പെട്ട മാറ്റം ഏപ്രിൽ ഒന്ന് 2023 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. പുതിയ രൂപത്തിലുള്ള സെക്ഷൻ 38 ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാനുള്ള പ്രക്രിയയ്ക്കു മേൽ കൂടുതൽ നിഷ്കർഷതകളും നിബന്ധനകളും ചുമത്തുന്നുണ്ട്. ഏപ്രിൽ ഒന്ന് 2023 മുതൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്ന നികുതിദായകർ ഈ മാറ്റം ശ്രദ്ധയിൽ വെച്ചു കൊണ്ട് വേണം ഇൻ പുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാൻ.

2023– 2024 സാമ്പത്തിക വർഷം മുതൽ ഏതെങ്കിലും നികുതിദായകർ ക്യൂ.ആർ.എം.പി. സ്കീം തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അല്ലെങ്കിൽ ക്യൂ.ആർ.എം.പി. സ്കീം തെരഞ്ഞെടുത്തി രിക്കുന്നവർ ക്യൂ.ആർ.എം.പി. സ്കീമിന് പുറത്ത് കടക്കാൻ താല്പര്യപ്പെട്ടുന്നുണ്ടെങ്കിൽ, 2023 ഏപ്രിൽ 30 ന് മുമ്പ് അപ്രകാരമുള്ള തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

ഒന്നരക്കോടി രൂപയെക്കാൾ താഴെ ടേണോവറുള്ള വ്യക്തികൾ കോംപൊസിഷൻ സ്കീം തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, അവർ 2023 മാർച്ച് 31 ന് മുമ്പ് തന്നെ Form GST CMO - 02 എന്ന ഫോർമാറ്റിലുള്ള അപേക്ഷ സമർപ്പിച്ച് കോംപൊസിഷൻ സ്കീം തെരഞ്ഞെടുക്കേണ്ടതാണ്.

2023–24 സാമ്പത്തിക വർഷത്തിൽഐ.ജി.എസ്.റ്റി. അടയ്ക്കാതെ ഗുഡ്സ്/സർവ്വീസ് എക്സ്പോർട്ട് ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തികൾ 31 മാർച്ച് 2023 നു മുമ്പ് തന്നെ ലെറ്റർ ഓഫ് അണ്ടർടേക്കിങ്ങ് (LUT) ലഭിക്കാനുള്ള Form GST RED-11 എന്ന ഫോർമാറ്റിലുള്ള അപേക്ഷ സമർപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. സ്പെഷ്യൽ എക്കണോമിക് സോണുകളിലേക്ക് (സെസ്സ്) ഐ.ജി.എസ്.റ്റി അടയ്ക്കാതെ എക്സ്പോർട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നവർക്കും ഇത് ബാധകമാണ്. ഫോർവേർഡ് ചാർജ്ജ് അടിസ്ഥാനത്തിൽ ജി.എസ്.റ്റി. അടയ്ക്കാൻ ആഗ്രഹിക്കുന്ന ഗുഡ്സ് ട്രാൻസ്പോർട്ട് ഏജൻസി (GTA) സേവനദാതാക്കൾ, അവർ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ക്ലെയിം ചെയ്യാതെ 5 ശതമാനം ജി.എസ്.റ്റി അടയ്ക്കാൻ താല്പര്യപ്പെടുന്നവരാണെങ്കിലും ഇൻ പുട്ട് ടാക്സ് ക്രെഡിറ്റ് ക്ലെയിം ചെയ്തുകൊണ്ട് 12 ശതമാനം

ജി.എസ്.റ്റി അടയ്ക്കാൻ താല്പര്യപ്പെടുന്ന വരാണെങ്കിലും, അവർ സമർപ്പിക്കേണ്ടതായ Annexure V രേഖകൾ 15 മാർച്ച് 2023 ന് മുമ്പ് തന്നെ സമർപ്പിക്കേണ്ടതായിരുന്നു.

ജോബ് വർക്കിനായി സാധനങ്ങൾ അടച്ചി കൊടുത്തിട്ടുള്ള വ്യക്തികൾ സമായസമയം ഐ.റ്റി.സി.-04 എന്ന രേഖ സമർപ്പിക്കേണ്ടതാണ്. 5 കോടി രൂപ വരെ ടേണോവർ ഉള്ളവർ വാർഷികാടിസ്ഥാനത്തിലും 5 കോടി രൂപയേക്കാൾ കൂടുതൽ ടേണോവർ ഉള്ളവർ അർദ്ധവാർഷി കാടിസ്ഥാനത്തിലും ഐ.റ്റി. സി.-04 സമർപ്പിക്കേണ്ടതാണ്. വർഷം/അർദ്ധവർഷം അവസാ നിച്ചതിനു ശേഷം വരുന്ന മാസത്തിന്റെ 25-ാം തിയതിയ്ക്കുള്ളിലാണ് ഐ.റ്റി. സി.-04 സമർപ്പിക്കേണ്ടത്.

2022-23 സാമ്പത്തിക വർഷത്തിലെ ടേണോവർ 5 കോടി രൂപയെക്കാൾ കൂടുതൽ വന്നിട്ടുള്ള എല്ലാ വ്യക്തികളും 2023 ഏപ്രിൽ 1 മുതൽ തങ്ങളുടെ ഇൻവോയ്സുകളിൽ 6 അക്കങ്ങളുള്ള എച്ച്.എസ്.എൻ. കോഡ്/സർവ്വീസ് കോഡ് രേഖപ്പെടുത്തേണ്ടതാണ്. ജി.എസ്.റ്റി. നിയമം പ്രാബ ല്യത്തിൽ വന്നതു മുതലുള്ള ഏതെങ്കിലും വർഷങ്ങളിൽ ടേണോവർ 5 കോടി രൂപയേക്കാൾ കൂടുതൽ വന്നിട്ടുള്ള എല്ലാ വ്യക്തികളും 2023 ഏപ്രിൽ 1 മുതൽ തങ്ങളുടെ ഇൻവോയ്സുകളിൽ 6 അക്കങ്ങളുള്ള എച്ച്.എസ്.എൻ. കോഡ്/സർവ്വീസ് കോഡ് രേഖപ്പെടുത്തേണ്ടതാണ്. ജി.എസ്.റ്റി നിയമം പ്രാബല്യത്തിൽ വന്നതു മുതലുള്ള ഏതെങ്കിലും വർഷങ്ങളിൽ ടേണോവർ 10 കോടി രൂപയെക്കാൾ കൂടുതൽ വന്നിട്ടുള്ളവർ 2023 ഏപ്രിൽ 1 മുതൽ നിർബന്ധമായും ഈ ഇൻവോയ്സിങ്ങ് ചെയ്യേ ണ്ടതാണ്.

റിവേഴ്സ് ചാർജ്ജ് മെക്കാനിസത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഇൻവാർഡ് സപ്ലൈയിന്മേൽ ജി.എസ്.റ്റി അടയ്ക്കാൻ ബാദ്ധ്യത വന്നിട്ടുള്ള ഏതെങ്കിലും ഇടപാടുകൾ ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുക. സർവ്വീസുകളുടെ ഇംപോർട്ട്, അഡ്വക്കേറ്റ് ഫീസ്, ടാക്സ് റെന്റൽ സർവ്വീസ് ചാർജ്ജുകൾ, വാണിജ്യാവശ്യത്തിനു വേണ്ടി വീട് വാടകയ്ക്ക് എടുത്തിട്ടുണ്ടെങ്കിൽ അതിന്റെ വാടക, തുടങ്ങിയവ റിവേഴ്സ് ചാർജ്ജ് മെക്കാനിസത്തിന്റെ അടിസ്ഥാനത്തിൽ ഒരു സ്വീകർത്താവിന് ജി.എസ്.റ്റി. അടയ്ക്കാൻ ബാദ്ധ്യത വരുന്ന ഇടപാടുകളാണ്. അപ്രകാരമുള്ള ഏതെങ്കിലും സപ്ലൈയിന്മേൽ റിവേഴ്സ് ചാർജ്ജ് അടിസ്ഥാനത്തിൽ ജി.എസ്.റ്റി. അടയ്ക്കാൻ വിട്ടു പോയിട്ടുണ്ടെങ്കിൽ 2023 മാർച്ച് 31 ന് മുമ്പായി അതെല്ലാം അടച്ചു തീർക്കുക.

ഉപേക്ഷ വിചാരിക്കാതെ അതാത് ദിവസം കണക്കുകൾ രേഖപ്പെടുത്തി പോരുക. ഓരോ ആഴ്ചയും അതാത് ആഴ്ചയിലെ കണക്കുകൾ പുനഃപരിശോധന നടത്തി തെറ്റുകൾ തിരുത്തുകയും സപ്ലയർമാരിൽ നിന്നോ പർച്ചേസർമാരിൽ നിന്നോ ലഭിക്കേണ്ടതായ രേഖകൾ എന്തെങ്കിലും ബാക്കിയുണ്ടൊയെന്ന് പരിശോധിച്ച് അവ സമയാസമയം വാങ്ങി വെയ്ക്കുക.

### ഏപ്രിൽ 2023 മുതൽ പുതിയ സീരിസിൽ ഇൻവോയ്സ് എഴുതി തുടങ്ങേണ്ടതാണ്.

ഏതെങ്കിലും വ്യക്തികൾ സി.ജി.എസ്.റ്റി. ആക്റ്റിന്റെ സെക്ഷൻ 17 (5) പ്രകാരം ബ്ലോക്ക് ചെയ്യപ്പെട്ടതായ ഏതെങ്കിലും ഇൻ പുട്ട് ടാക്സ് ക്രെഡിറ്റ് അബദ്ധത്തിലോ തെറ്റിദ്ധാരണയുടെ പുറത്തോ എടുത്തു പോയിട്ടുണ്ടെങ്കിൽ അത് റിവേഴ്സ് ചെയ്യേണ്ടതാണ്. ജി.എസ്.റ്റി. യുടെ ടി.ഡി.എസ്. അല്ലെങ്കിൽ റ്റി.സി.എസ്. ബാധകമായവർ തങ്ങളുടെ ടേണോവർ, റ്റി.ഡി. എസ്.,റ്റി.സി.എസ്. എന്നിവ ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ ഫോം 26 എ.എസ്. പോലുള്ള റെക്കോഡുകളുമായി താരതമ്യം ചെയ്യുകയും ഇൻവാർഡ് സപ്ലൈയർമാരുടെയും ഔട്ട്വേർഡ് സപ്ലയർമാരുടെയും കണക്കുകളുടെ സ്റ്റേറ്റ്മെന്റ് വാങ്ങി ഒത്തു നോക്കി ഇടപാടുകൾ യഥാവിധി രേഖപ്പെടു ത്തിയിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തുകയും ചെയ്യണം. അതീവ ജാഗ്രതയോടെ വേണം ഈ വിഷയം കൈകാര്യം ചെയ്യാൻ.

ഈ- വേ ബില്ലും ഇൻവാർഡ് സപ്ലൈയുമായും ബന്ധപ്പെട്ട ഇടപാടുകൾ പരസ്പരം ഒത്തു നോക്കി എന്തെങ്കിലും ന്യൂന തകളുണ്ടെങ്കിൽ പരിഹരിക്കണം. ഉദാഹരണത്തിന്, 50,000 രൂപ യിൽ കൂടുതൽ മൂല്യമുള്ള ഇൻവാർഡ് സപ്ലൈ കണക്കിൽ ബി ടു ബി ആയി രേഖപ്പെടുത്തിയിരിക്കുകയും ഈ-വേ ബിൽ കിട്ടിയിട്ടില്ല എന്നു വരികയും ചെയ്താൽ അതിന്റെ കാരണം അപ്പോൾതന്നെ രേഖപ്പെടുത്തി വെക്കുന്നത് ഭാവിയിൽ പ്രശ്നങ്ങൾ ഒഴിവാക്കാൻ ഉപകരിക്കും. ഈ-വേ ബിൽ ഇഷ്യൂ ചെയ്യേണ്ടിയിരുന്ന ഇട പാടിൽ ഈ-വേ ബിൽ ഇഷ്യൂ ചെയ്യപ്പെട്ടിട്ടില്ല എന്നു കണ്ടാൽ അത് ക്രമക്കേടാണെന്ന് ജി.എസ്.റ്റി. ഡിപ്പാർട്ട്മെന്റിന് വേണമെങ്കിൽ വാദിക്കാമല്ലോ. അതുകൊണ്ട് എല്ലാ രേഖകളും പരസ്പരം ഒത്തു പോകുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പാക്കി സൂക്ഷിക്കുക.

ജി.എസ്.റ്റി. നിയമത്തിൽ നികുതി ബാദ്ധ്യത കണ ക്കാക്കേണ്ടത് ഓരോ വ്യക്തികളും സ്വയം സെൽഫ് അസ്സസ്സ്മെന്റ് അടിസ്ഥാനത്തിലാണ്. ഇതുകൊണ്ടുതന്നെ ഓരോ വ്യക്തിയും തന്റെ ഈ കടമ കൃത്യമായി നിർവ്വഹിച്ചിട്ടില്ല എന്ന് ഡിപ്പാർട്ട്മെന്റിന് സംശയം തോന്നിയാൽ അത് മുമ്പുള്ള നികുതി നിയമങ്ങളെ അപേക്ഷിച്ച് കുറേക്കൂടി ഗൗരവകരമായ ഒരു വീഴ്ച ആയിട്ടാണ് നിയമപ്രകാരം ഡിപ്പാർട്ട്മെന്റ് കണക്കാക്കേണ്ടത്. ഇതിനാൽ നികുതി ബാദ്ധ്യത കണക്കാക്കിയത് ശരിയായ രീതിയിൽ അല്ല എന്ന് കാണിച്ചു കൊണ്ട് ഡിപ്പാർട്ട്മെന്റ് അസ്സസ്സ്മെന്റ് നട പടികൾക്ക് തുടക്കം കുറിച്ചാൽ പലപ്പോഴും വൻ പിഴയോട് കൂടി മാത്രമേ നികുതിയും പലിശയും അടച്ച് നടപടികൾ അവസാനിപ്പിക്കാനാവൂ. അതിനാൽ കണക്കുകൾ കൃത്യമായി സൂക്ഷിക്കുക. എല്ലാ രേഖകളും പരസ്പരം ഒത്തു പോകുന്നു ണ്ടെന്ന് ഉറപ്പു വരുത്തുക. കൃത്യമായ കണക്കുകകളുടെ പിൻബലത്തോടെ റിട്ടേണുകൾ സമർപ്പിക്കുക. അത് മാത്രമാണ് ജി.എസ്.റ്റി. നിയമത്തിനു കീഴിൽ സമാധാനപരമായി ബിസിനസ്സ് ചെയ്തു ജീവിക്കാനുള്ള ഏക മാർഗ്ഗം.

ഫിസിക്കൽ സ്റ്റോക്ക് ഫിസിക്കൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്നിവ നേരിട്ട് പരിശോധിച്ച് കണക്കിലെ ക്ലോസിങ്ങ് സ്റ്റോക്ക് വർക്ക് -ഇൻ പ്രോഗ്രസ്സ് എന്നിവയുമായി തട്ടിച്ച് നോക്കി എന്തെങ്കിലും വ്യത്യാസം ഉണ്ടെങ്കിൽ അത് കണ്ടു പിടിച്ച് 2023 മാർച്ച് 31 ലെ യഥാർത്ഥ ഫിസിക്കൽ സ്റ്റോക്ക്, വർക്ക്-ഇൻ പ്രോഗ്രസ്സ്, എന്നിവയും കണക്കിലെ ഫിസിക്കൽ സ്റ്റോക്ക്, വർക്ക്-ഇൻ പ്രോഗ്രസ്സ് എന്നിവയുമായി യാതൊരു വ്യത്യാസവും ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

മേൽപ്പറഞ്ഞവ കൂടാതെ ഇൻകം ടാക്സ് നിയമവുമായി ബന്ധപ്പെട്ട മറ്റു ചില വസ്തുതകളും കൂടി ബിസിനസ്സുകാർ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

**ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ്**
**കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ**
**✆ 9846227555, 7902443188, 7907000401**

വ്യവസായികളുടെയും സംരംഭകരുടെയും സംശയങ്ങൾക്ക് മറുപടി നല്കുന്നു. വിവരങ്ങൾ അറിയാൻ കെ.എസ്.എസ്.ഐ.എ. ന്യൂസിലേക്ക് എഴുതുക.

# പശ്ചിമ ബംഗാൾ സർക്കാരിന്റെ ലാന്റ് അലോട്ട്മെന്റ് പോളിസി കേരള സംസ്ഥാനവും മാതൃകയാക്കണം



**എ. നിസാറുദ്ദിൻ**

ലീസ് വ്യവസ്ഥയിൽ ലഭിച്ച ഭൂമിയിൽ വ്യവസായം നടത്തുന്ന സംരംഭകരോട് അനുവദിച്ച ഭൂമി വിലക്ക് വാങ്ങിച്ച് ഉടമകളാകാൻ പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി യുടെ ആഹ്വാനും പശ്ചിമ ബംഗാളിലെ സംരംഭകരോടും നിക്ഷേപകരോടുമുള്ള ഈ അഭ്യർത്ഥന വളരെ ആകാംഷ യോടെയാണ് കേരളത്തിലെ സംരംഭകർ നോക്കി കാണുന്നത്. സ്വകാര്യ സംരംഭകരോടു മാത്രമല്ല വിവിധ വകുപ്പുകളോടും തങ്ങളുടെ കൈവശമുള്ള ലീസ് വ്യവസ്ഥയിലുള്ള ഭൂമി വിലക്ക് വാങ്ങി ഉടമകളാകാനുള്ള അഭ്യർത്ഥനയാണ് മുഖ്യമന്ത്രി അഹ്വാനം ചെയ്തത്. ലീസിന് അനുവദിച്ച സംരംഭകരുടെ ഭൂമി വിറ്റു കിട്ടുന്ന റവന്യു വരുമാനം സംസ്ഥാനത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുമെന്നും കൂടി മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ഇനത്തിൽ ലഭിക്കുന്നതുൾപ്പടെയുള്ള വരുമാനത്തിൽ 1.14 ലക്ഷം കോടി എം.എസ്.എം.ഇ. മേഖലയുടെ വികസനത്തിന് നിക്ഷേപിക്കുമെന്നും അതിലൂടെ 41 ലക്ഷം തൊഴിൽ സൗകര്യങ്ങൾ സൃഷ്ടിക്കുമെന്നും അവർ വ്യക്തമാക്കുകയുണ്ടായി. സർക്കാരിന്റെ റവന്യു വരുമാനം വർദ്ധിപ്പിക്കാനും പശ്ചിമ ബംഗാളിന്റെ സാമൂഹ്യ സാമ്പത്തിക രംഗം മെച്ചപ്പെടുത്തുന്നതിനും സഹായകരമായ ദീർഘ വീക്ഷണത്തോടു കൂടിയ ഒരു നയമാണ് അവർ പ്രഖ്യാപിച്ചത്.

നമ്മുടെ സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെയും വിവിധ ഏജൻസികളുടെയും വ്യവസായ എസ്റ്റേറ്റുകളിലേയും കൈ വശമുള്ള ഭൂമി വ്യവസായം നടത്തുന്നതിന് സംരംഭകർക്ക് നല്കി യത് ഹയർ പർച്ചേസ് വ്യവസ്ഥയിലും ലീസ് വ്യവസ്ഥയിലുമാണ്. 1969 ലെ സർക്കാർ ഉത്തരവ് പ്രകാരം സംരംഭകർക്ക് ഹയർ പർച്ചേസ് വ്യവസ്ഥയിൽ നല്കിയ ഭൂമിയുടെ മുഴുവൻ തുകയും നല്കി കഴിഞ്ഞാൽ ഭൂമിയുടെ ഉടമസ്ഥവകാശം സംരംഭകർക്ക് നല്കണമെന്നാണ് വ്യവസ്ഥ. എന്നാൽ ഈ വ്യവസ്ഥ പാലിച്ചു കൊണ്ട് ഉടമസ്ഥാവകാശം നല്കി സംരംഭകരോട് നീതി പുലർത്തിയിട്ടില്ലയെന്ന ദു:ഖ സത്യം അവശേഷിക്കുന്നു.

വ്യവസായ വകുപ്പ് സർക്കാരിന്റെ തന്നെ ഉറപ്പ് നടപ്പാക്കാത്തതു കൊണ്ട് വ്യവസായ എസ്റ്റേറ്റിലെ സംരംഭകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും സാമ്പത്തിക വൈഷമ്യങ്ങളും വർഷങ്ങളായി അവരുടെ ശ്രദ്ധയിൽപ്പെടുത്തി വരാറുണ്ട്. അതുപോലെ 2013 നു മുമ്പും അതിനു ശേഷവും ലീസ് വ്യവസ്ഥയിൽ ഭൂമി അനുവദിച്ച സംരംഭകർ നടത്തുന്ന ഏകദേശം 200 ൽ താഴെ യുള്ള സംരംഭകരുടെ പ്രശ്നങ്ങൾ അതേപടി നില നിൽക്കുന്നു. വ്യവസായ എസ്റ്റേറ്റുകളിൽ ഹയർ പർച്ചേസിനും ലീസിനും അനുവദിച്ച ഭൂമിയിൽ സംരംഭം നടത്തുന്നവർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം നല്കി പശ്ചിമ ബംഗാൾ സർക്കാർ നടപ്പാക്കാൻ പോകുന്നതുപോലെ ലാന്റ് ട്രാൻസ്ഫർ പോളിസി കേരളത്തിലും നടപ്പാക്കി വ്യവസായം സംരംഭകരുടെ ദീർഘ നാളത്തെ ആവശ്യം നടപ്പിൽ വരുത്തണം. ലാന്റ് അലോട്ട്മെന്റ് പോളിസിയിൽ പശ്ചിമ ബംഗാൾ സർക്കാരിന്റെ മാതൃക പിന്തുടർന്ന് നമ്മുടെ സംസ്ഥാനത്തും ഈ പോളിസി നടപ്പിലാക്കിയാൽ സാമ്പത്തികമായി അവശത അനുഭവിക്കുന്ന സർക്കാരിന്റെ റവന്യു വരുമാനം വർദ്ധിപ്പിക്കാനും ഭൂമി വിറ്റു കിട്ടുന്ന തുക കൊണ്ട് മറ്റു വികസന പ്രവർത്തനങ്ങൾ നടത്താനും സാധിക്കുമെന്നുള്ള വസ്തുത ഗൗരവമായി കണക്കിലെടുക്കണമെന്ന് കെ.എസ്.എസ്.ഐ.എ. സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. ●

**കെ. എസ്. എസ്. ഐ. എ.**
**സംസ്ഥാന പ്രസിഡന്റ് ആണ് ലേഖകൻ**



# ആഹാർ 2023 ൽ പൊൻതിളക്കവുമായി കേരള പവലിയൻ

37th AAHAR™ THE INTERNATIONAL FOOD & HOSPITALITY FAIR



സുരജ് എസ്.

ഏഷ്യയിലെ ഏറ്റവും വലിയ ഫുഡ് ആന്റ് ഹോദസ്പിറ്റാലിറ്റി മേളകളിൽ ഒന്നായ ആഹാറിൽ കേരളത്തിന് അഭിമാന നേട്ടം. ഇന്ത്യ ടുഡേ പ്രൊമോഷൻ ഓർഗനൈസേഷൻ (ITPO) സംഘടിപ്പിച്ച ആഹാർ 2023 ട്രെയിഡ് ഫെയറിൽ സർക്കാർ സെക്ടറിലെ ഏറ്റവും മികച്ച പവലിയനുള്ള ഗോൾഡ് മെഡൽ പുരസ്കാരം കേരള വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രീയൽ പ്രൊമോഷൻ സ്വന്തമാക്കി.

ഏഷ്യയിലെ ഏറ്റവും വലിയ ഫുഡ് ആന്റ് ഹോസ്പിറ്റാലിറ്റി മേളകളിൽ ഒന്നായ ആഹാർ–ന്റെ 37–ാം മത് എഡിഷനാണ് ന്യൂഡൽഹിയിലെ പ്രഗതിമൈതാനിയിൽ 2023 മാർച്ച് 14 മുതൽ 16 വരെ സംഘടിപ്പിച്ചത്. കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രാലയത്തിന് കീഴിലെ ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ (ITPO) സംഘടിപ്പിച്ച മേളയിൽ ദേശീയ അന്തർദേശീയ തലങ്ങളിൽ നിന്നായി 1400 ലധികം വ്യാപാരികളാണ് പങ്കെടുത്തത്. അമേരിക്ക, ഓസ്ട്രേലീയ, ബ്രസീൽ, സ്വീഡൻ, സൗത്ത് കൊറിയ, റഷ്യ തുടങ്ങി 19 രാജ്യങ്ങളിൽ നിന്നുള്ള സംരം ഭകരും മേളയിൽ പങ്കെടുത്തിരുന്നു. കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രീയൽ പ്രൊമോഷനാണ് (കെ–ബിപ്പ്) പവലിയൻ ഏകോപിപ്പിച്ചത്. കേരളത്തിൽ നിന്നുമുള്ള 19 ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകളാണ് കേരളത്തെ പ്രതിനിധികരിച്ച് മേളയിൽ പങ്കെടുത്തത്. 1 ലക്ഷം സ്ക്വയർ മീറ്റർ ചുറ്റളവിൽ സംഘടിപ്പിച്ച മേളയുടെ പ്രധാന ആകർഷകങ്ങളിൽ ഒന്ന് കേരള പവലിയൻ ആയിരുന്നു. ദിവസവും ഏകദേശം 50,000 ത്തിലധികം ബിസിനസ്സ് സന്ദർശകർ പങ്കെടുത്ത മേളയിൽ സംഘടനാ മികവ് കൊണ്ടും ഉൽപന്ന വൈവിധ്യം കൊണ്ടും പരിചയപ്പെടുത്തുക എന്നിവയായിരുന്നു നാല് ദിവസമായി സംഘടിപ്പിച്ച ബി 2 ബി ഇവന്റായ ആഹാർ –ന്റെ പ്രധാന ലക്ഷ്യങ്ങൾ.




**കെ–ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**







KSSIA NEWS

## KSSIA NEWS

(Vyavasayam)
Monthly Magazine
Advtertisement Tariff

| | | |
|---|---|---|
| Front Page Bottom (Colour) | - | 12,000 + G S T |
| Full Back page (Colour) | - | 15,000 + G S T |
| Full Back page inside (Colour) | - | 10,000 + G S T |
| Full Front Page inside (Colour) | - | 10,000 + G S T |
| Full page inside (Colour) | - | 9,000 + G S T |
| Half page inside (Colour) | - | 5,000 + G S T |
| Quarter page inside (Colour) | - | 3,000 + G S T |

Journal Size Demy 1/4
Number of pages – 24
**Discount**
For 12 months insertion 15%
For 6 months insertion 10%

# ആരോഗ്യ ഇൻഷൂറൻസും – ആയുർവേദ ചികിത്സയും



വിശ്വനാഥൻ ഒടാട്ട്

ആയൂർവേദത്തിന്റെ ഈറ്റില്ലമായ കേരളത്തിൽ ആയുർവേദ ചികിത്സയെ കുറിച്ചുള്ള അറിവ് വളരെ പരിമിതമാണ്. അതുകൊണ്ട് തന്നെ ചികിത്സാചിലവുകൾ ലഭിക്കില്ലായെന്ന 'ഭയംമൂലം 'ഭൂരി'ഭാഗം പോളിസി ഉടമകളും ചികിത്സക്കായി മുതിരാറില്ല. ഇന്ത്യയിൽ ചികിത്സാ ചിലവുകളുടെ വർദ്ധനവ് പ്രതിവർഷം 15%ത്തോളമാണ്. ഇന്ത്യയിൽആയൂഷ് മന്ത്രാലയം തുടങ്ങിയശേഷമാണ് ആയുർവേദചികിത്സക്ക് പ്രാധാന്യം നൽകിയതും, തുടർന്നാണ് ഇൻഷൂറൻസ് കമ്പനികളുടെ പോളിസികളിൽആയുർവേദ ചികിത്സക്ക് 100% പരിരക്ഷനൽകിയതും. ആയുർവേദ ചികിത്സകൾ കവർചെയ്യുന്ന ഒട്ടേറെ പോളിസികൾ ഇന്ന് നിലവിലുണ്ട്. അവ ഏതെന്നും, എത്രത്തോളം കവർ ചെയ്യുന്നു എന്നും ഒപ്പംതന്നെ ഓരോ കമ്പനികളുടെയും ക്ലെയിം സെറ്റിൽമെന്റ് റേഷ്യോ കൂടി അറിഞ്ഞു വേണം പോളിസി എടുക്കാൻ. പൊതുമേഖല കമ്പനികൾക്കു പുറമെസ്വകാര്യ മേഖലയിലുള്ള ഇൻഷൂറൻസ് കമ്പനികളും പോളിസികൾ വിപണിയിൽ ഇറക്കിയിട്ടുണ്ട്. പോളിസി എടുക്കുമ്പോൾ ആയുർവേദ ചികിത്സക്ക് 100% കവറേജ് നൽകുന്നു എന്ന് ഉറപ്പു വരുത്തണം.

കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രികൾ, എൻ.എ.ബി.എച്ച് അംഗീകരിച്ച ആശുപത്രികൾ, കേന്ദ്ര സംസ്ഥാന ഗവണ്മെന്റ്അംഗീകൃത ആയുർവേദ കോളേജുകൾ, സ്റ്റേറ്റ് ഗവണ്മെന്റ് അംഗീകരിച്ച ആശുപത്രികൾ എന്നിവയിൽ ചികിത്സിച്ചാൽ ചിലവുകൾ പോളിസി ഉടമക്ക് തിരികെ ലഭിക്കുന്നതാണ്. ആയുഷ് മന്ത്രാലയം പുറപ്പെടുവിച്ച ഉത്തരവിൽ 20 ഓളം വിവിധ തരത്തിലുള്ള അസുഖങ്ങളും, അസുഖങ്ങളുമായി ബന്ധപ്പെട്ട ചികിത്സാ വിധികളും ചികിത്സവേണ്ടി വരുന്ന കാലാവധിയും വ്യക്തമാക്കിയിട്ടുണ്ട്. (നടുവേദന, കഴുത്ത്‌വേദന, പക്ഷാഘാതം, കൈഉയർത്താനാകാതെ വരുന്നരോഗം, ശ്വാസതടസ്സം, ഞരമ്പ് സംബന്ധമായ അസുഖങ്ങൾ, മുഖം / വായകോടിപ്പോകുന്ന വാതരോഗം, രക്തവാതം, ആമവാതം, സർവാംഗവാതം, സന്ധിവാതം, ത്വക്ക്‌രോഗങ്ങൾ, അർശസ്സ്, 'ഗന്തരം, നടുവേദന മൂത്രാശയസംബന്ധമായ രോഗങ്ങൾ, സ്ത്രീരോഗങ്ങൾ, മാംസക്ഷയം, കാഴ്ചതകരാറുകൾ, തലവേദന, ഒടിവ് ചതവുകൾ മുതലായ രോഗങ്ങൾ ഇതിലുൾപ്പെടുന്നു.)

ഓരോ ചികിത്സാ ക്രമത്തിനും (കിഴി, പിഴിച്ചിൽമുതലായവ) വേണ്ടണ്ടി വരുന്ന ചിലവുകൾ (അർശസ് മുതലായവയിൽ ഉപയോഗിക്കുന്ന ക്ഷാരസൂത്ര ചികിത്സ, ക്ഷാര കർമ്മചികിത്സ എന്നിവയിൽമൊത്തം ചികിത്സയുടെ പാക്കേജിന്റെ ചിലവ്) വെവ്വേറെ കൊടുത്തിട്ടുണ്ടണ്ട്. ഈ കണക്കുകളെ, അഥവാ ചിലവുകളെ അടിസ്ഥാനപ്പെടുത്തിയാവണം ചികിത്സാ ചിലവുകൾ ഇനി മുതൽ ഇൻഷുറൻസ് കമ്പനികൾ / തേർഡ് പാർട്ടിഅഡ്മിനിസ്ട്രേറ്റർ നൽകേണ്ടണ്ടത്. ചികിത്സയിൽ റൂം വാടക, ഡോക്ടർ, തെറാപ്പിസ്റ്റ്, പാരാ മെഡിക്കൽ, നഴ്സിങ്ങ് ചാർജുകൾ, രോഗനിർണ്ണയത്തിനുള്ള ചിലവുകൾ, മരുന്ന്, ചികിത്സ ചെയ്യുന്നവർക്കുള്ള ചിലവ്മുതലായവ ഉൾപ്പെടുന്നു. ചികിത്സക്കാവശ്യമായ സാധന സാമഗ്രികളുടെചിലവ്, ചികിത്സചെയ്യുന്ന ചികിത്സാ ഉപകരണങ്ങളും ഉൾപ്പെടുന്നു. ആശുപത്രിയിൽ അഡ്മിറ്റായി ചികിത്സ ചെയ്യുന്നവർക്ക് മാത്രമെ ചികിത്സാചിലവ് ലഭിക്കുകയുള്ളു. രോഗി താമസിക്കുന്ന മുറിയുടെ വാടക ഇൻഷുറൻസ് പോളിസി നിയമത്തിനനുസരിച്ച് പ്രത്യേകമായി വാങ്ങാവുന്നതാണ്. നഗരങ്ങളിലുള്ള എൻ.എ.ബി.എച്ച് അംഗീകാരമുള്ള ആശുപത്രികളിൽ ചികിത്സ ചെയ്യുമ്പോൾ ഗവണ്മെന്റ് പ്രസിദ്ധീകരിച്ച അടിസ്ഥാന നിരക്കിനേക്കാൾ 25% ക്ലെയിം തുക അധികമായി ലഭിക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. രോഗിയുടെ വിവരങ്ങൾ, രോഗാവസ്ഥാ, ചികിത്സാ, കാലയളവ്, മരുന്നുകൾ, തെറാപ്പിസ്റ്റുകളുടെഎണ്ണംഎന്നിവ മുൻകൂട്ടി നിശ്ചയിച്ച് വേണം ചികിത്സാചിലവുകൾ നിശ്ചയിക്കാൻ. ഈ വിവരങ്ങൾ ടി.പി.എ. കമ്പനികളെ അറിയിക്കുകയും രോഗിക്ക്ആക്റ്റീവ് ലൈൻ ഓഫ് ട്രീറ്റ്മെന്റ്‌ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും വേണം. പലപ്പോഴും'സുഖ ചികിത്സ'ചെയ്യാനായി ആയുർവേദ ചികിത്സാതേടുന്നവരും വിരളമല്ല. ഇക്കൂട്ടർക്ക് ക്ലെയിം ലഭിക്കാൻ ഇടയില്ല എന്ന് മാത്രമല്ല ഈ മേഖലയുടെ വിശ്വാസ്യത തകർക്കുവാനും ഇതിനു കാരണമാകുന്നു. ആയുർവേദ ചികിത്സ കൂടുതൽ പ്രചാരം നേടുമ്പോൾ സ്വാഭാവികമായും കൂടുതൽ ചികിത്സാ ചിലവുകൾ തീർപ്പാക്കുവാൻ തേർഡ് പാർട്ടി അഡ്മിനിസ്ട്രേറ്റർമാർക്ക് കഴിയണം. ഇതിനായി ആയുഷ് നിഷ്കർഷിക്കുന്ന ചികിത്സകൾ, അതിന് വേണ്ടിവരുന്ന ചിലവുകൾ എന്നിവയെക്കുറിച്ച് ശരിയായ അറിവും ഉണ്ടായിരിക്കണം. പ്രത്യേകിച്ചും ആയുർവേദ ഡോക്ടർമാർ ഉള്ള ടി.പി.എ. കമ്പനികൾക്ക് ക്ലെയിം തീർപ്പാക്കൽ കൂടുതൽ എളുപ്പമായിരിക്കും. ആയുർവേദ ആശുപത്രികളെ അംഗീകൃത പാനലിൽ ഉൾപ്പെടുത്തുക വഴി പോളിസി ഉടമകൾക്ക് സൗജന്യ ചികിത്സാ ലഭ്യമാകാൻ ഇടയാവും.

കേരളത്തിൽ ആയുർവേദ ആശുപത്രികൾ ധാരാളം പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ അംഗീകാരമുള്ള ആശുപത്രികളിൽ നിന്നും ചികിത്സിച്ചാൽ മാത്രമെ ക്ലെയിംതുക ലഭ്യമാവുകയുള്ളൂ. മാത്രമല്ല, വളരെ പ്രൊഫഷണലായി പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രികൾക്ക് ഇനി വരും വർഷങ്ങളിൽ കൂടുതൽ ആളുകളെ ഈ രംഗത്തേക്ക് ആകർഷിക്കാൻ കഴിയും. ആയുഷ് നിഷ്കർഷിക്കുന്ന പോലെ ഒന്നുകിൽ എൻ.എ.ബി.എച്ച്. അംഗീകാരം നേടുകയോ, അതല്ലെങ്കിൽ ആശുപത്രിയെ ഇൻഷുറൻസ് മാനദണ്ഡങ്ങൾക്ക് അനുസൃതമായി മാറ്റിയെടുക്കുകയോ ചെയ്യണം. ആശുപത്രിയിൽ ഇൻഷുറൻസ് ക്ലെയിമിനായി വരുന്നവർക്ക് ശരിയായ സേവനം നൽകാൻ പരിചയ സമ്പന്നരായ ആളുകളും വേണം. അതായത്, പോളിസികളെക്കുറിച്ചും, കവർ ചെയ്യുന്നതും ചെയ്യാത്തതുമായ അസുഖങ്ങളെക്കുറിച്ചുള്ള അറിവും, ക്ലെയിം നടപടി ക്രമങ്ങൾക്ക് വേണ്ട രേഖകൾ എന്നിവ ചിട്ടപ്പെടുത്താൻ പ്രാപ്തരായിരിക്കണം ഇക്കൂട്ടർ. ആയുർവേദ ചികിത്സ ചെയ്യുന്നതുമൂലം അസുഖം ഭേദമാകുന്നതിനു പുറമെ ശരീരത്തിന് മൊത്തത്തിൽ ആരോഗ്യം വീണ്ടെടുക്കാവുന്ന ഒരു അവസ്ഥ കൂടി ഉള്ളതിനാൽ ഈ രംഗത്ത് വൻ മുന്നേറ്റമാണ് ഇനി ഉണ്ടാവുക.

എയിംസ് ഇൻഷൂറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ. 9895768333

# മുഖാമുഖം

## കെ.എസ്.എസ്.ഐ.എ. ഓഫീസിൽ വെച്ച് വ്യവസായ വാണിജ്യ ഡയറക്ടർ എസ്. ഹരി കിഷോർ ഐ.എ.എസ്. മായി മുഖാമുഖം.



കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി യോഗത്തിൽ വെച്ച് വ്യവസായ ഡയറക്ടറും കെ.എസ്.ഐ.ഡി.സി. മാനേജിങ്ങ് ഡയറക്ടറുമായ എസ്. ഹരി കിഷോർ ഐ.എ.എസ് മായി മുഖാമുഖം പരിപാടി സംഘടിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീന്റെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടിയിൽ ജനറൽ സെക്രട്ടറി പി.ജെ.ജോസ് സ്വാഗതം പറഞ്ഞു. കരട് വ്യവസായ നയത്തിൽ വൻകിട മെഗാ വ്യവസായങ്ങൾക്ക് പ്രഖ്യാപിച്ച എല്ലാ ആനുകൂല്യങ്ങളും എം.എസ്.എം.ഇ. മേഖലയ്ക്കും അനുവദിക്കുക. വ്യവസായ വകുപ്പിന്റെ കീഴിലുള്ള എസ്റ്റേറ്റുകളിലെ സംരംഭകർക്ക് 1969 ലെ ഉത്തരവനുസരിച്ചുള്ള വ്യവസ്ഥകൾ നടപ്പാക്കുക, ലീസ് വ്യവസ്ഥയിൽ ഭൂമി അനുവദിച്ച് വ്യവസായം നടത്തുന്ന സംരംഭകരോട് വിലക്ക് വാങ്ങി ഉടമകളാകാനുള്ള പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയുടെ ആഹ്വാനം നമ്മുടെ സംസ്ഥാനത്തും മാതൃകയാക്കി നടപ്പാക്കുക, രണ്ടു തരത്തിൽ ഫീസ് ഈടാക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നടപടി പുന പരിശോധിക്കുക, എസ്റ്റേറ്റുകളിലെ കെട്ടിട നികുതി ഒഴിവാക്കി കൊണ്ടുള്ള പൊതുവായ ഉത്തരവിറക്കുക, വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് സഹായകരമായ ഒട്ടേറെ നിർദ്ദേശങ്ങൾ അടങ്ങുന്ന അന്തിമ വ്യവസായ നയം മന്ത്രിസഭയുടെ അംഗീകാരത്തിനു സമർപ്പിച്ചിരിക്കുകയാണെന്ന് മുഖാമുഖം പരിപാടിയിൽ പങ്കെടുത്ത് കൊണ്ട് വ്യവസായ ഡയറക്ടർ പറഞ്ഞു. വ്യവസായ നയത്തിൽ പറഞ്ഞിരക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് വിശദമായി വിവരിച്ചു. വ്യവസായങ്ങളെ 22 പ്രത്യേക വിഭാഗങ്ങളായി പരിഗണിച്ച് അവയ്ക്ക് 19 ആനുകുല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. വ്യവസായ എസ്റ്റേറ്റുകളിലെ നിലവിലുള്ള സംരംഭകരുടെ അവകാശങ്ങൾ നിലനിർത്തി കൊണ്ടായിരിക്കും ലാന്റ് അലോട്ട്മെന്റ് പോളിസി. സംരംഭകർക്ക് പട്ടയം നല്കാനുള്ള അധികാരം കളക്ടർമാർക്കായിരിക്കും. നേരത്തെ പരിഗണനയിലുള്ള ഡിഫറന്റ് വാല്യു ഈടാക്കാനുള്ള നിർദ്ദേശം ഒഴിവാക്കും. അലോട്ട്മെന്റ് ആയി കഴിഞ്ഞാൽ കൈമാറ്റത്തിനുള്ള കാലാവധി 5 വർഷത്തിൽ നിന്നും 3 വർഷമാക്കും. ലീസ് വ്യവസ്ഥയിലുള്ള സംരംഭകരുടെ ലീസ് കാലാവധി 60 വർഷമാക്കും തുടങ്ങിയ കാര്യങ്ങളും ഡയറക്ടർ വ്യക്തമാക്കി. സംരംഭകർ ഉന്നയിച്ച പല വിഷയങ്ങളിലും വ്യവസായ ഡയറക്ടർ മറുപടി നല്കി. യോഗത്തിൽ വെച്ച് സംഘടനയുടെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് വ്യവസായ ഡയറക്ടർക്ക് നല്കി. കെ.എസ്.എസ്.എഫിലെ അന്തരിച്ച അംഗമായിരുന്ന ശ്രീമതി ജിഷാമോൾ. വി.എൽ. ന്റെ കുടുംബാംഗത്തിന് 10 ലക്ഷം രൂപയുടെ ചെക്ക് വ്യവസായ ഡയറക്ടർ നല്കി. യോഗത്തിൽ എറണാകുളം ഡി.ഐ.സി. ജനറൽ മാനേജർ പി.എ.നജീബ്, ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശിവകുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു സാരിച്ചു. സംസ്ഥാന ജോ. സെക്രട്ടറി ബി. ജയകൃഷ്ണൻ (സെൻട്രൽ സോൺ) നന്ദി പറഞ്ഞു. ●




**സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.**



**സംഘടനയുടെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ വ്യവസായ വാണിജ്യ ഡയറക്ടർ എസ്. ഹരികിഷോറിന് നല്കുന്നു.**

വ്യവസായികളുടെയും സംരംഭകരുടെയും സംശയങ്ങൾക്ക് മറുപടി നല്കുന്നു. വിവരങ്ങൾ അറിയാൻ കെ.എസ്.എസ്.ഐ.എ. ന്യൂസിലേക്ക് എഴുതുക.

# വാർത്തകൾ

## സംരംഭക വർഷം 2.0 മിഷൻ 1000




സംരംഭക വർഷം 2.0 മിഷൻ 1000–ൽ ജനറൽ സെക്രട്ടറി പി.ജെ.ജോസ് പങ്കെടുത്ത് ആശംസാ പ്രസംഗം നടത്തുന്നു.

## വൈദ്യുതി വകുപ്പിനു നിവേദനം നൽകി



ചെറുകിട വ്യവസായികളുടെ വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളുടെ പരിഹാരത്തിനായുള്ള വിശദമായ നിവേദനം സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ബഹു. വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻ കുട്ടിയ്ക്ക് കൈമാറുന്നു.

## മരണാനന്തര സഹായം നൽകി



കെ.എസ്.എസ്.എഫിലെ അന്തരിച്ച അംഗമായിരുന്ന ശ്രീമതി ജിഷാമോൾ. വി.എൽ. ന്റെ കുടുംബാംഗത്തിനുള്ള മരണാനന്തര സഹായമായ 10 ലക്ഷം രൂപയുടെ ചെക്ക് കോട്ടയം ജില്ല പ്രസിഡന്റ് കെ. ദിലീപ് കുമാർ വ്യവസായ ഡയറക്ടർ ഹരി കിഷോറിൽ നിന്നും ഏറ്റു വാങ്ങുന്നു.

## കൺസ്യൂമർ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് സ്റ്റേറ്റ് ലെവൽ കമ്മിറ്റി യോഗം



ചീഫ് സെക്രട്ടറി വിളിച്ചു ചേർത്ത കൺസ്യൂമർ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ പങ്കെടുക്കുന്നു.

## ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം.ബി.രാജേഷിന് നിവേദനം നല്കി



തദ്ദേശ സ്വയം ഭരണ വകുപ്പുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ അടങ്ങിയ വിശദമായ നിവേദനം സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം.ബി.രാജേഷിന് കൈമാറുന്നു.

# വാർത്തകൾ

## വ്യവസായ മേഖലയിൽ കിൻഫ്രാ വഹിക്കുന്ന പങ്ക് ശ്രദ്ധേയം

സംസ്ഥാന സർക്കാരിന്റെ വ്യവസായ വികസന ഏജൻസിയായ കിൻഫ്രാ പാർക്കിലെ രണ്ടു വർഷത്തെ സംരംഭകരുടെ നിക്ഷേപം 1862 കോടി രൂപയായി വർദ്ധിച്ചു. 286 പുതിയ വ്യവസായ യൂണിറ്റുകളിൽ നിന്നായി 24,000 പേർക്ക് പ്രത്യക്ഷത്തിൽ തൊഴിൽ ലഭിക്കുകയും ചെയ്തു. ഇതിനു പുറമെ കിൻഫ്രാ പാർക്കുകളുടെ നിർമ്മാണവും അതിവേഗം പുരോഗമിക്കുന്നു. പാലക്കാട് റൈസ് മില്ല് ഈ വർഷവും ആലപ്പുഴ റൈസ് പാർക്ക് അടുത്ത കൊല്ലവും പ്രവർത്തനം ആരംഭിക്കും. കിൻഫ്രായെ ഏല്പിച്ച കാക്കനാട് 7 ഏക്കറിൽ 90 കോടി ചെലവിൽ നിർമ്മിക്കുന്ന അന്താരാഷ്ട്ര എക്സിബിഷൻ കം കൺവെൻഷൻ സെന്ററിന്റെ ഉത്ഘാടനം കേരള പിറവി ദിനത്തിൽ നടക്കുന്നതിനുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു.

## വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉപയോഗിക്കാത്ത ഭൂമി വ്യവസായ പാർക്കുകളാക്കും

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉപയോഗിക്കാത്ത ഭൂമിയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുമെന്ന് വ്യവസായ നിയമ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. എഞ്ചിനിയറിങ്ങ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലുള്ള അധിക ഭൂമി പാർക്കുകൾ ആക്കി പ്രയോജനപ്പെടുത്തും. വിദ്യാർത്ഥികൾ പഠനത്തോടൊപ്പം തൊഴിലിനും അവസരം നല്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ പാർക്കുകൾ വിഭാവനം ചെയ്യുന്നത്. എം.എസ്.എം.ഇ. സംരംഭകർക്ക് ഇൻഷുറൻസ് പദ്ധതി, നടപ്പാക്കും. വ്യവസായ രംഗത്തെ കാലഹരണപ്പെട്ട 35 നിയമങ്ങൾ ഭേദഗതി ചെയ്യാനുള്ള ബിൽ തയ്യാറാക്കിയതായും മന്ത്രി പറഞ്ഞു. കേരള നിയമസഭയിൽ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തു കൊണ്ട് പ്രഖ്യാപിച്ചതാണ് ഇവ.

## മാർജിൻ മണി വായ്പ എടുത്ത് കുടിശ്ശിക വരുത്തിയവർക്കുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി ജൂൺ 3 വരെ നീട്ടി



വ്യവസായ വകുപ്പിൽ നിന്നും മാർജിൻ മണി വായ്പ എടുത്ത് കുടിശ്ശിക വരുത്തിയ വ്യവസായികൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 2023 ജൂൺ 3 വരെ നീട്ടി കൊണ്ട് സർക്കാർ ഉത്തരവായി. രണ്ട് കാറ്റഗറിയായി തരം തിരിച്ചാണ് ഈ പദ്ധതിയുടെ തീർപ്പ് കല്പിക്കൽ. കാറ്റഗറി ഒന്ന് പ്രകാരം വായ്പ എടുത്ത സംരംഭകൻ മരണപ്പെടുകയും സംരംഭം പ്രവർത്തന രഹിതമായിരിക്കുന്നതും ആസ്തികൾ ഒന്നും നിലവില്ലാത്തതുമായ സംരംഭങ്ങളുടെ മാർജിൻമണി വായ്പ കുടിശ്ശിക പൂർണ്ണമായി എഴുതിതള്ളും. കാറ്റഗറി രണ്ട് പ്രകാരം പിഴ പലിശ പൂർണ്ണമായും ഒഴിവാക്കി ഒറ്റത്തവണ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കു ന്നതുവരെ ആറു ശതമാനം പലിശ നിരക്കിൽ പലിശ കണക്കാക്കി പലിശയുടെ 50 ശതമാനം തുക ഇളവ് നല്കും. ബന്ധപ്പെട്ട വ്യവസായികൾ ജൂൺ 3 ന് മുമ്പ് അതാത് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ അപേക്ഷിച്ച് ഈ പദ്ധതി പ്രയോജനപ്പെടുത്തേണ്ടതാണ്.

## ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എം.എസ്.എം.ഇ. ക്ലിനിക്കുകൾ

വ്യവസായ സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ ഉപദേശങ്ങൾ നല്കുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എം.എസ്.എം.ഇ. ക്ലീനിക്ക് സംവിധാനത്തിന് നടപടിയായി. ഓരോ ജില്ലകളിലും വിവിധ മേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ചവരും സംരംഭകരുടെ സംശയങ്ങൾ ദൂരികരിക്കാൻ പ്രാപ്തരായ വിദഗ്ധ ഉദ്യോഗസ്ഥരുടെ പാനൽ ഉണ്ടാകും. ജില്ല വ്യവസായ കേന്ദ്രങ്ങളിൽ വിവിധ സംശയങ്ങളുമായി വരുന്ന സംരംഭകരുടെ സംശയങ്ങൽ ദൂരികരിക്കുന്നതിനും ഏറ്റവും അനുയോജ്യമായ പാനലിസ്റ്റുമായി കൂടികാഴ്ചയ്ക്കും സൗകര്യമുണ്ടാകും.

## താലൂക്ക് വ്യവസായ ഓഫീസ്സുകളിൽ എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്റർ

താലൂക്ക് വ്യവസായ ഓഫീസിലുള്ള എം.എസ്.എം.ഇ. സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ഉപദേശങ്ങളും നല്കാൻ എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്ററുകൾ തുറക്കും. ഇതിന്റെ ഭാഗമായി പ്രൊഫഷണൽ യോഗ്യതയുള്ള ഓരോ റിസോഴ്സ് പേഴ്സൺ വീതം തെരഞ്ഞെടുത്ത് മതിയായ പരിശീലനം നല്കി നിയമിച്ചിട്ടുണ്ട്. സംരംഭകരും ഈ സേവനങ്ങൾ ആവശ്യമുള്ളവരും വ്യവസായ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.



# വിതരണ ലൈസൻസുകളുടെ പ്രകടന മാനദണ്ഡങ്ങൾ– സമയപരിധി ലംഘനം നഷ്ടപരിഹാരം



**പി.കെ. പുരുഷോത്തമൻ**

ഓരോ വിതരണ കമ്പനിയും അതിന്റെ ഉപഭോക്താവിന് ഉറപ്പ് നല്കിയ നിലവാരത്തിലുള്ള സേവനങ്ങൾ നല്കേണ്ടതാണ്. ഇത് ലംഘിക്കുകയാണെങ്കിൽ എസ്.ഒ.പി. പ്രകാരം ലൈസൻസി ഉപഭോക്താവിന് നഷ്ടപരിഹാരം നല്കാൻ ബാധ്യസ്ഥനാണ്. ഇത് മിക്ക ഉപഭോക്താക്കൾക്കും അറിയില്ലാത്തതുകൊണ്ട് തന്നെ ലൈസൻസി അതിനെ ഗൗരവമായി എടുക്കാറില്ല. പക്ഷേ ഉപഭോക്താക്കൾ ഇത് കൃത്യമായി അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. ഷെഡ്യൂളിനെക്കുറിച്ച് അറിയണമെന്നുള്ളവർ കെ.എസ്.എസ്. ഐ.എ. ചോദ്യോത്തര പംക്തിയിൽ എഴുതിയാൽ മറുപടി നല്കുന്നതായിരിക്കും.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ (Standards of Performance of Distribution Licensees) Regulations 2015 ലെ മുകളിൽ കൊടുത്ത *ഷെഡ്യൂൾ 1 പ്രകാരം മതിയായ സർവീസ് നിശ്ചിത സമയത്തിനകം ഉപഭോക്താവിന് കിട്ടാത്ത പക്ഷം, ഉപഭോക്താവിന് നഷ്ടപരിഹാരത്തിനായി ഫോറം എ. യിൽ പരാതി നൽകാവുന്നതാണ്.




ഇത്തരം അപേക്ഷകൾ പ്രോസസ് ചെയ്യാൻ ലൈസൻസി, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെതിന് തുല്യമായതോ അതിന് താഴെയുള്ളതോ ആയ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. ഇദ്ദേഹം ഉപഭോക്താവിന്റെ ഭാഗത്ത് നിന്നും കിട്ടിയ പരാതികൾ പരിശോധിക്കുകയും ഷെഡ്യൂൾ 1 പ്രകാരം അർഹമായ നഷ്ടപരിഹാരത്തുക ഉപഭോക്താവിന് ലഭ്യമാകുകയും ചെയ്യേണ്ടതാണ്. ഇത് എല്ലാ ഉപഭോക്താക്കൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. എങ്കിലും പല ഓഫീസുകളിലും ഇതിനുള്ള സൗകര്യം ഉപഭോക്താക്കൾക്ക് ലഭിക്കാറില്ല എന്നതാണ് സത്യം. ഇനിയെങ്കിലും എല്ലാ ഉപഭോ ക്താക്കളും തങ്ങളുടെ അവകാശങ്ങൾ അറിഞ്ഞിരിക്കുകയും അത് പ്രയോജനപ്പെടുത്തുകയും ചെയ്യണം.

**ഇലക്ട്രിസിറ്റി സബ് കമ്മിറ്റി കൺവീനറാണ് ലേഖകൻ.**

* ഈ ഷെഡ്യൂൾ ആവശ്യമുള്ളവർ കെ.എസ്.എസ്.ഐ.എ. സംസ്ഥാന ഓഫീസുമായി ബന്ധപ്പെടുക.

## അറിയിപ്പ്

വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് വ്യവസായികളുടെ പരാതികൾ പരിഹരിക്കുന്നതിനായി വൈദ്യുതി വകുപ്പു മന്ത്രി, വ്യവസായ വകുപ്പു മന്ത്രി, എന്നിവർ വൈദ്യുതി വകുപ്പ് മന്ത്രിയുടെ ചേംബറിൽ വെച്ച് കെ.എസ്.എസ്.ഐ.എ. പ്രതിനിധികളുമായി കൂടിക്കാഴ്ച ഉടനെ നടത്തുവാൻ വൈദ്യുതി വകുപ്പ് മന്ത്രി തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും തരത്തിലുള്ള പരാതികൾ ഉണ്ടെങ്കിൽ കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മറ്റി ഓഫീസിലോ, കെ.എസ്.എസ്.ഐ.എ., കെ.എസ്.ഇ.ബി. സബ് കമ്മിറ്റി കൺവീനർ പി.കെ. പുരുഷോത്തോമനേയോ രേഖാമൂലം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.


**വ്യവസായികളുടെയും സംരംഭകരുടെയും സംശയങ്ങൾക്ക് മറുപടി നല്കുന്നു. വിവരങ്ങൾ അറിയാൻ കെ.എസ്.എസ്.ഐ.എ. ന്യൂസിലേക്ക് എഴുതുക.**




മഴയെ പ്രണയിക്കാൻ ഒരു കാരണം കൂടി

aizar®

touching heights






1800 833 3323 (Toll Free)

www.aizar.in

PVC PIPES | CPVC PIPES | ASTM PIPES | HDPE PIPES | FITTINGS | RAIN GUTTER | WATER TANKS | HOSES




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajasree Industrial Printers, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.